# റബ്ബർ

മെയ് 2023 • വാർഷികവരിസംഖ്യ ₹100

- 'എം റൂബ്' അവാർഡ്
- ഇലപ്പൊട്ടുരോഗം – ശ്രദ്ധ വേണം
- പാഴാകാത്ത പരിശീലനങ്ങൾ
- റബ്ബറിന് വളം ആവശ്യത്തിന് മാത്രം
- കൃഷിപ്പണികൾ







## റബ്ബർ ആക്ട് 1947: പ്ലാറ്റിനം ജൂബിലി



കപ്പുതൈകൾ സുരക്ഷിതമായി
എത്തിച്ചുതരുന്നതിന്
പ്രത്യേക വാഹന സംവിധാനമുള്ള
കപ്പുതൈ റബ്ബർ നഴ്സറി
അടുത്ത സീസണിലേക്ക്
വണ്ടർ റൂട്ട് തൈകളുടെ
ബുക്കിംഗ്
ആരംഭിച്ചിരിക്കുന്നു..!
CHEERAKUZHY
Wonder Root
ROOT TRAINER RUBBER PLANT
ചീരക്കുഴി
CHEERAKUZHY
Karshakasree K C Kuriakose
CHEERAKUZHY RUBBER NURSERY & RESEARCH CENTRE PVT. LTD.
Kottappuram P.O, Sreekrishnapuram, Palakkad-679 513
Ph: 08592900400, 9747500600
09447011047, 09447315306
Email: cheerakuzhy@gmail.com
www.cheerakuzhy.com

# ഉള്ളടക്കം

07 | റബ്ബർ ആക്ട് 1947: പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ ഉദ്ഘാടനം ചെയ്തു
14 | റബ്ബർബോർഡ് 'എം റൂബ്' പുരസ്കാരം 2023
18 | വേനൽമഴയും ഇലപ്പൊട്ടുരോഗവും - ശ്രദ്ധവേണം തോട്ടങ്ങളിൽ
22 | പാഴാകാത്ത പരിശീലനങ്ങൾ
25 | റബ്ബറിന് വളങ്ങൾ ആവശ്യത്തിന് മാത്രം
28 | റബ്ബർചരിത്രം
30 | കൃഷിപ്പണികൾ
33 | കോൾസെന്റർ
36 | പരിശീലനങ്ങൾ
38 | ഗ്രാമകേരളം
40 | വിപണി
42 | തോട്ടത്തിലാശാൻ

684

# റബ്ബർ

മെയ് 2023

**റബ്ബർബോർഡ്**
കോട്ടയം-686 002, കേരളം
ഫോൺ: 0481-2301231
വെബ്സൈറ്റ്: www.rubberboard.gov.in
ഇ മെയിൽ: ppr@rubberboard.org.in
facebook.com/rubberboard
twitter.com/rubberboard
റബ്ബർക്ലിനിക്ക്: 9496333117
റബ്ബർബോർഡ് കോൾസെന്റർ 0481 2576622

ചെയർമാൻ:
**ഡോ. സാവർ ധനാനിയ**

എക്സിക്യൂട്ടീവ് ഡയറക്ടർ:
**എം. വസന്തഗേശൻ ഐ.ആർ.എസ്.**

എഡിറ്റർ:
**പി. പ്രസാദ്**

അസിസ്റ്റന്റ് എഡിറ്റർ:
**ബി. ശ്രീകുമാർ**
**കെ.കെ. ബെന്നി**

**വാർഷികവരിസംഖ്യ: 100 രൂപ**
**വരിസംഖ്യ (10 വർഷത്തേക്ക്): 750 രൂപ**
വരിസംഖ്യ മണിയോർഡറായോ ഡിമാന്റ് ഡ്രാഫ്റ്റായോ സെക്രട്ടറി, റബ്ബർബോർഡ്, കോട്ടയം - 686 002 എന്ന വിലാസത്തിൽ അയയ്ക്കുക.

*പരസ്യദാതാക്കളുടെ അവകാശവാദങ്ങൾക്ക് റബ്ബർബോർഡ് ഉത്തരവാദിയായിരിക്കുന്നതല്ല. പരസ്യങ്ങളിൽ പറയുന്ന ഉത്പന്നങ്ങളോ സേവനങ്ങളോ ഉപഭോക്താക്കൾ നേരിട്ടു ബോധ്യപ്പെട്ട് സ്വീകരിക്കേണ്ടതാണ്.*



# ടാപ്പിങ് മുടങ്ങരുത്

റബ്ബർകർഷകർക്ക് ആശ്വാസം പകരുന്ന സൂചനകൾ വിപണിയിൽ കണ്ടുതുടങ്ങിയിരിക്കുന്നു. എന്നാൽ, മഴയുടെ അപ്രതീക്ഷിതമായ വരവ് റെയിൻഗാർഡിങ് നടത്താത്ത തോട്ടങ്ങളിൽ വിളവെടുപ്പിന് തടസ്സമാകുന്നുണ്ട്. മഴ തുടരുമെന്നാണ് കാലാവസ്ഥാപ്രവചനം. വില മെച്ചപ്പെട്ടുനിൽക്കുന്ന സമയത്ത് വിളവെടുപ്പിന് മുടക്കം വരാതിരിക്കാൻ സാധ്യമായ മുൻകരുതലുകൾ എടുക്കേണ്ടതുണ്ട്. എത്രയും പെട്ടെന്ന് മരങ്ങൾ റെയിൻഗാർഡ് ചെയ്യുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തുന്നത് നന്നായിരിക്കും. മഴ നന്നായി ലഭിച്ച ഇടങ്ങളിൽ വേനൽച്ചൂടിന് നേരിയ ശമനം വന്നിട്ടുണ്ട്. വേനൽമഴ തുടരുന്നതുകൊണ്ട് വേനൽകാല ടാപ്പിങ് തുടരാൻ കഴിയും.

രോഗങ്ങൾക്കെതിരെ പ്രതിരോധനടപടികൾ സ്വീകരിക്കേണ്ട സമയമാണ്. കാലവർഷം തുടങ്ങുന്നതിന് മുമ്പായി തോട്ടങ്ങളിൽ മരുന്നുതളിക്കാനുള്ള ഏർപ്പാടുകൾ ചെയ്യണം. കഴിഞ്ഞ വർഷം രോഗങ്ങൾ ബാധിച്ച തോട്ടങ്ങളിലെല്ലാം വലിയ തോതിൽ വിളനഷ്ടം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെപ്പോലെ ഇക്കാര്യങ്ങളൊക്കെ സമയബന്ധിതമായി നടപ്പാക്കുന്നതിന് റബ്ബറുത്പാദകസംഘങ്ങൾ മുന്നോട്ടുവരുന്നത് കർഷകർക്ക് ഏറെ സഹായകമാകും.

റബ്ബർ ആക്ട് നിലവിൽ വന്നതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ എഴുപത്തഞ്ച് വർഷക്കാലം കൊണ്ട് റബ്ബർമേഖലയിൽ വന്ന പുരോഗമനങ്ങളാണ് ചർച്ചചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. ഈ നേട്ടങ്ങൾക്ക് കാരണമായിട്ടുള്ളത് ചെറുകിട റബ്ബർകർഷകരുടെ കൂട്ടായ ശ്രമങ്ങൾ കൂടിയാണ്.

പ്ലാറ്റിനം ജൂബിലി വർഷത്തിൽ എല്ലാ വായനക്കാർക്കും റബ്ബർമാസികയുടെ ആശംസകൾ.

– എഡിറ്റർ

# എം. വസന്തഗേശൻ

## റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റു



എം. വസന്തഗേശൻ ഐ.ആർ.എസ്. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടറായി ചുമതലയേറ്റു. 2009 ബാച്ച് ഇന്ത്യൻ റെവന്യൂ സർവ്വീസ് ഉദ്യോഗസ്ഥനായ അദ്ദേഹം കൊച്ചിയിൽ കസ്റ്റംസ് പ്രിവന്റീവ് അഡീഷണൽ കമ്മീഷണറായി പ്രവർത്തിച്ചുവരികയായിരുന്നു.

തമിഴ്നാട്ടിൽ കരൂർ ജില്ലയിലെ പേത്താൻകോട്ടൈ സ്വദേശിയായ വസന്തഗേശൻ കോയമ്പത്തൂർ ഭാരതിയാർ യൂണിവേഴ്സിറ്റിയിൽ നിന്നാണ് ഗണിതശാസ്ത്രത്തിൽ ബിരുദാനന്തരബിരുദം നേടിയത്. കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയത്തിന്റെ കീഴിൽ നിരവധി തസ്തികകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സെൻട്രൽ എക്സൈസ്, സർവീസ് ടാക്സ്, ജി.എസ്.റ്റി., കസ്റ്റംസ് തുടങ്ങിയ മേഖലകളിലും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഭാര്യ ശ്യാമള സാവിത്രി ഗണിതശാസ്ത്രത്തിൽ എം.ഫിൽ ബിരുദധാരിണിയാണ്. മകൾ വി. പവനന്തി, മകൻ വി. പവനമുത്തൻ എന്നിവർ കേന്ദ്രീയവിദ്യാലയത്തിൽ പഠിക്കുന്നു.



# റബ്ബർമേഖലയിലെ
# അനന്തസാധ്യതകൾ

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ച അതേ വർഷമാണ് റബ്ബർ ആക്ട് നിലവിൽ വന്നത്. തുടർന്ന് റബ്ബർബോർഡും രൂപവത്ക്കരിക്കപ്പെട്ടു. കഴിഞ്ഞ എഴുപത്തഞ്ച് വർഷങ്ങളായി പ്രകൃതിദത്ത റബ്ബറുമായി ബന്ധപ്പെട്ട വിവിധ മേഖലകളിലെ സമഗ്രവികസനത്തിനായി റബ്ബർബോർഡ് നൽകിയിട്ടുള്ള സേവനങ്ങൾ ദേശീയ, അന്തർദേശീയതലങ്ങളിൽ ശ്രദ്ധേയമാണ്. കർഷകർ, സംസ്കർത്താക്കൾ, വ്യാപാരികൾ, ഉത്പന്നനിർമ്മാതാക്കൾ തുടങ്ങി റബ്ബർമേഖലയിലെ എല്ലാവരുടെയും വികസനം ലക്ഷ്യമിട്ടാണ് ബോർഡ് പ്രവർത്തിച്ചുവരുന്നത്.

പിന്നിട്ട എഴുപത്തഞ്ച് വർഷങ്ങളിൽ റബ്ബർബോർഡിന്റെ ഗവേഷണവിഭാഗം നടത്തിയിട്ടുള്ള കണ്ടെത്തലുകളും നൂതനാശയങ്ങളും റബ്ബർമേഖലയുടെ ഉന്നമനത്തിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. ആർആർഐഐ 105 എന്ന അത്യുത്പാദനശേഷിയുള്ള റബ്ബറിനത്തിന്റെ വികസനം, റൂട്ട് ട്രെയിനർ കപ്പുതൈകൾ, പ്രാദേശിക സാഹചര്യങ്ങൾക്ക് യോജിച്ച നടീലിനങ്ങൾ, ജനിതകവ്യതിയാനം വരുത്തിയ റബ്ബറിനം, ഓൺലൈൻ വളപ്രയോഗശുപാർശാ സംവിധാനം, രോഗപ്രതിരോധനടപടികൾ, റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ, റീച്ച് ലബോറട്ടറി തുടങ്ങിയവയെല്ലാം റബ്ബർഗവേഷണരംഗത്തെ നാഴികക്കല്ലുകളാണ്.

രാജ്യത്തെ റബ്ബറുത്പാദനം വർദ്ധിപ്പിക്കുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഡിപ്പാർട്ടുമെന്റ് നടത്തുന്ന പ്രവർത്തനങ്ങൾ സ്തുത്യർഹമാണ്. റബ്ബർബോർഡ് പ്രവർത്തനമാരംഭിക്കുമ്പോൾ 16000 ടണ്ണായിരുന്ന ഇന്ത്യയിലെ റബ്ബറുത്പാദനം 4900 ശതമാനം വർദ്ധിച്ച് എട്ട് ലക്ഷത്തിലധികമായി. റബ്ബർകൃഷിവിസ്തൃതി 75000 ഹെക്ടറിൽനിന്ന് എട്ടര ലക്ഷം ഹെക്ടറിനു മുകളിലെത്തി. ശാസ്ത്രീയകൃഷിരീതികൾ, പരിശീലനങ്ങൾ, ഇന്ത്യൻ റബ്ബറിന്റെ ബ്രാൻഡിങ്, ഇ-വ്യാപാരം തുടങ്ങിയവയെല്ലാം ഫലപ്രദമായി പൊതുജനങ്ങളിലേക്കെത്തിക്കാൻ ബോർഡിന്റെ പ്രചരണവിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. വിജ്ഞാനവ്യാപനത്തിനായി ആധുനിക മാധ്യമസങ്കേതങ്ങളായ ഫേസ്ബുക്ക്, ടിറ്റർ, കൂ, ഇൻസ്റ്റഗ്രാം എന്നിവയെല്ലാം ബോർഡ് ഫലപ്രദമായി പ്രയോജനപ്പെടുത്തിവരുന്നു.

റബ്ബർമേഖലയുടെ വികസനശ്രമങ്ങൾക്കിടയിൽ ലഭ്യമായ സാധ്യതകളെല്ലാം പരമാവധി പ്രയോജനപ്പെടുത്താൻ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. അതിനിടയിൽ ഉണ്ടായിട്ടുള്ള വെല്ലുവിളികളെ എല്ലാം അനായാസം മറികടക്കാനും കഴിഞ്ഞു. പ്ലാറ്റിനം ജൂബിലി ആഘോഷിക്കുന്ന ഈ വേളയിൽ റബ്ബർമേഖലയിലെ അവഗണിക്കാനാകാത്ത സാന്നിദ്ധ്യമായി റബ്ബർബോർഡ് മാറിയിരിക്കുന്നു.

റബ്ബർമേഖലയിലെ സേവനസാധ്യതകൾ വളരെ വലുതാണ്. അതോടൊപ്പം വെല്ലുവിളികളും ഏറെയുണ്ട്. കൂട്ടായ പരിശ്രമങ്ങളിലൂടെയും പങ്കാളിത്തമനോഭാവത്തോടുകൂടിയ സമീപനങ്ങളിലൂടെയും റബ്ബർബോർഡിനെ കൂടുതൽ ഉയരങ്ങളിൽ എത്തിക്കാൻ കഴിയും. എഴുപത്തഞ്ചുവർഷത്തെ നേട്ടങ്ങൾ ആദരിക്കപ്പെടുന്ന വേളയിൽ ഈ സ്ഥാപനത്തെ മുന്നോട്ട് നയിക്കുന്നതിനുള്ള അവസരം ലഭിച്ചിരിക്കുന്നു എന്നത് ഒരു ഭാഗ്യമായി കരുതുന്നു. കൂട്ടായ പരിശ്രമങ്ങളാണ് റബ്ബർബോർഡിന്റെ പ്രവർത്തനങ്ങളുടെ എക്കാലത്തെയും കരുത്ത് എന്നത് മറക്കാതിരിക്കുക.

ആശംസകളോടെ

എം. വസന്തഗേശൻ ഐ.ആർ.എസ്.
എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്



## റബ്ബർ ആക്ട് 1947: പ്ലാറ്റിനം ജൂബിലിയാഘോഷങ്ങൾ

# ഉദ്ഘാടനം ചെയ്തു

രാജ്യത്തെ റബ്ബർവ്യവസായത്തിന്റെ വളർച്ചയിലും പ്രകൃതിദത്തറബ്ബറിന്റെ ഉത്പാദനത്തിലും രാജ്യത്തെ സ്വയംപര്യാപ്തമാക്കുന്നതിൽ റബ്ബർബോർഡ് വഹിച്ച പങ്കിനെ കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി പീയൂഷ് ഗോയൽ പ്രശംസിച്ചു. റബ്ബർ ആക്ട് നിലവിൽ വന്നതിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ വെച്ച് നടന്ന സമ്മേളനത്തിന്റെ ഉദ്ഘാടനച്ചടങ്ങിൽ നൽകിയ വീഡിയോ സന്ദേശത്തിലാണ് റബ്ബർബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം പരാമർശിച്ചത്. പ്രകൃതിദത്തറബ്ബറിന്റെ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിൽ ബോർഡ് നടത്തിയ ഇടപെടലുകൾ രാജ്യത്ത് നിന്നുള്ള റബ്ബറുത്പന്നങ്ങളുടെ കയറ്റുമതി വർദ്ധിപ്പിക്കുന്നതിന് സഹായിച്ചു. 2047-ൽ ഇന്ത്യയെ ഒരു വികസിത രാജ്യമാക്കി മാറ്റുന്നതിൽ ബോർഡിന് സുപ്രധാന പങ്ക് വഹിക്കാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. റബ്ബർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ബോർഡ് നടത്തുന്ന ശ്രമങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ പിന്തുണയുണ്ടാകുമെന്നും അദ്ദേഹം പറഞ്ഞു. ഉദ്ഘാടനച്ചടങ്ങിൽ റബ്ബർബോർഡ് ചെയർമാൻ



*പീയൂഷ് ഗോയൽ*



*പിണറായി വിജയൻ*

ഡോ. സാവർ ധനാനിയ അദ്ധ്യക്ഷത വഹിച്ചു. തോമസ് ചാഴിക്കാടൻ എം.പി. യോഗം ഉദ്ഘാടനം ചെയ്തു. പൊതുസമ്മേളനത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ, ത്രിപുര മുഖ്യമന്ത്രി ഡോ. മണിക് സാഹാ എന്നിവർ വീഡിയോ സന്ദേശങ്ങൾ നൽകി. അസം മുഖ്യമന്ത്രി ഹിമന്ത ബിശ്വാസ് ശർമ്മയുടെ സന്ദേശം യോഗത്തിൽ വായിച്ചു.

കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന്റെ കീഴിൽ റബ്ബർബോർഡ് രൂപീകൃതമായത് 1947 ഏപ്രിൽ 18-ന് റബ്ബർ ആക്ട് നിലവിൽ വന്നതിനെത്തുടർന്നാണ്. റബ്ബർതോട്ടങ്ങളുടെയും ഉത്പന്നനിർമ്മാണമേഖലയുടെയും വികസനത്തിനായി റബ്ബർ ആക്ട് 1947 നിലവിൽ വന്നതിന്റെ പ്ലാറ്റിനം ജൂബിലി ആണ് ഇപ്പോൾ ആഘോഷിക്കുന്നത്.

റബ്ബർ വളരുന്നതിന് യോജിച്ച കാലാവസ്ഥയുള്ള കേരളം, തമിഴ്നാട്, കർണ്ണാടക, ഗോവ, ഒഡീഷ, വടക്കുകിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിലെല്ലാം റബ്ബർകൃഷി വ്യാപിച്ചിട്ടുണ്ട്. റബ്ബർകൃഷിയുള്ള പ്രദേശങ്ങളിലെ കർഷകരുടെ സാമൂഹിക-സാമ്പത്തിക സുരക്ഷ ഉറപ്പാക്കുന്നതിൽ ഈ വിള വഹിച്ചിട്ടുള്ള പങ്ക് വളരെ വലുതാണ്. റബ്ബർകൃഷിയിലൂടെ ലഭിച്ചിട്ടുള്ള സാമ്പത്തികനേട്ടം വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ തീവ്രവാദപ്രവർത്തനങ്ങൾ ഇല്ലാതാക്കുന്നതിന് സഹായകമായിട്ടുണ്ട്.

റബ്ബറുത്പാദനം വർദ്ധിപ്പിക്കുന്നതിനും റബ്ബറുത്പന്നങ്ങളുടെ പരിശോധന നടത്തുന്നതിനുമെല്ലാമായി ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ കീഴിൽ, കോട്ടയത്തെ കേന്ദ്ര പരീക്ഷണശാല അടക്കം രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലായി ഗവേഷണ-പരീക്ഷണശാലകൾ പ്രവർത്തിക്കുന്നുണ്ട്. 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയി



*ഹിമന്ത ബിശ്വാസ് ശർമ്മ*



*ഡോ. മണിക് സാഹാ*



തോമസ് ചാഴികാടൻ



എൻ.കെ. പ്രേമചന്ദ്രൻ

ലൂടെ രാജ്യത്തെ സ്വയംപര്യാപ്തതയിലെത്തിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ വലിയ സംഭാവനകളാണ് നൽകിവരുന്നത്. തന്ത്രപരവും സാമ്പത്തികപരവുമായ പ്രാധാന്യം രാജ്യത്തിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിന് ഒഴിവാക്കാനാകാത്ത ഒരു വിളയാക്കി റബ്ബറിനെ മാറ്റിയിട്ടുണ്ട്. റബ്ബർബോർഡിന്റെ വികസനപ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ സംഘടിപ്പിക്കുന്നത്.

സെമിനാറുകൾ, യോഗങ്ങൾ, പ്രദർശനങ്ങൾ എന്നിങ്ങനെ വിവിധ പരിപാടികളാണ് ഒരു വർഷം നീണ്ടുനിൽക്കുന്ന ആഘോഷങ്ങളുടെ ഭാഗമായി റബ്ബർബോർഡ് സംഘടിപ്പിക്കുന്നത്.

## റബ്ബർബോർഡ്

രാജ്യത്തെ റബ്ബർകൃഷിവികസനത്തിനായി 1947-ൽ റബ്ബർ ആക്ട് നിലവിൽ വന്നതിനെത്തുടർന്ന് രൂപീകൃതമായ റബ്ബർബോർഡിന് ഇന്ന് രാജ്യത്ത് വിവിധ സ്ഥലങ്ങളിൽ പ്രവർത്തനസംവിധാനങ്ങൾ നിലവിലുണ്ട്. കോട്ടയം കേന്ദ്രമായി പ്രവർത്തിക്കുന്ന ബോർഡിന് റബ്ബർകൃഷിവികസനം, വിജ്ഞാനവ്യാപനം, സ്ഥിതിവിവരങ്ങളുടെ ശേഖരണം, ആസൂത്രണം, ഗവേഷണം, വിപണനം, തൊഴിലാളിക്ഷേമം എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ രാജ്യത്തെമ്പാടും വ്യാപിപ്പിക്കാൻ കഴിഞ്ഞിരിക്കുന്നു. റബ്ബർകർഷകരുടെ സമഗ്രവികസനത്തിനായി ബോർഡ് വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. കേരളം പോലുള്ള പരമ്പരാഗതമേഖലകളിൽ ഒതുങ്ങിയിരുന്ന റബ്ബർകൃഷി ഇന്ന് വടക്കു





*വിനയ് ദിനു ടെൻഡുൽക്കർ*



*തിരുവഞ്ചൂർ രാധാകൃഷ്ണൻ*

കിഴക്കൻ സംസ്ഥാനങ്ങൾ അടക്കം റബ്ബർ വളരുന്നതിന് യോജിച്ച എല്ലാ പ്രദേശങ്ങളിലേക്കും വ്യാപിച്ചിരിക്കുന്നു. 1950–ൽ 75,000 ഹെക്ടറിൽ ഉണ്ടായിരുന്ന റബ്ബർകൃഷി 2022–ൽ എത്തിയപ്പോൾ 8,52,000 ഹെക്ടറായി വർദ്ധിച്ചു. അന്ന് 16,000 ടണ്ണായിരുന്ന ഉത്പാദനം ഇപ്പോൾ 8,00,000 ടണ്ണിനടുത്ത് എത്തി നിൽക്കുന്നു. ഉത്പാദനക്ഷമത 284 കിലോഗ്രാമിൽ നിന്ന് 1472 കിലോഗ്രാമായി മാറി.

ആഗോളതലത്തിൽ മെച്ചപ്പെട്ട കാർഷികരീതികളാണ് ബോർഡ് കർഷകരിൽ എത്തിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിലെ ചെറുകിട-നാമമാത്ര കർഷകർക്ക് അവർ ഉത്പാദിപ്പിക്കുന്ന വിളയ്ക്ക് വിപണിവിലയുടെ ഏതാണ്ട് 95 ശതമാനത്തോളം ലഭിക്കുന്നുണ്ട്. മറ്റു വിളകളെ അപേക്ഷിച്ച് കർഷകർക്ക് ഇതൊരു പ്രധാന നേട്ടമാണ്.

രാജ്യത്തെ റബ്ബർകർഷകർ ഇന്ന് ഒരു സംഘടിത ശക്തിയാണ്. 2,659 റബ്ബറുത്പാദക സംഘങ്ങൾ, 671 സ്വയംസഹായസംഘങ്ങൾ, 17 കമ്പനികൾ, 248 സമൂഹ റബ്ബർസംസ്കരണശാലകൾ എന്നിവയടങ്ങുന്ന വലിയൊരു സംവിധാനമായി റബ്ബർകർഷകരുടെ കൂട്ടായ്മ മാറിയിരിക്കുന്നു. 12 ലക്ഷത്തിലധികം കർഷകർ, 538 വൻകിടത്തോട്ടങ്ങൾ, 8,309 അംഗീകൃതവ്യാപാരികൾ, 108 സംസ്കർത്താക്കൾ, 4,447 ഉത്പന്നനിർമ്മാതാക്കൾ, 25 ലക്ഷത്തിലധികം വരുന്ന തൊഴിലാളികൾ എന്നിവരെല്ലാം അടങ്ങുന്ന വലിയൊരു ശൃംഖലയായി ഇന്ത്യയിലെ പ്രകൃതിദത്തറബ്ബർമേഖല വളർന്നിരിക്കുന്നു. ചെറുകിടക്കാരായ കർഷകരുടെയും സ്ത്രീകളുടെയും സാമ്പത്തികവും സാമൂഹികവുമായ ഉന്നമനത്തിനായി റബ്ബർബോർഡ് നടത്തുന്ന ശ്രമങ്ങൾ ആദിവാസികൾ അടക്കമുള്ള സമൂഹത്തിൽ പുരോഗമനപരമായ വലിയ മാറ്റങ്ങളാണ് ഉണ്ടാക്കിയിരിക്കുന്നത്.



*അമർദീപ് സിങ് ഭാട്ടിയ ഐ.എ.എസ്.*



*ഷീല തോമസ് ഐ.എ.എസ്. (റിട്ട.)*



ഡോ. സാവർ ധനാനിയ



എം. വസന്തഗേശൻ ഐ.ആർ.എസ്.



കെ.എ. ഉണ്ണിക്കൃഷ്ണൻ



എൻ. ഹരി



അശോക് നാഥ്



റ്റി.സി. ചാക്കോ

റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്റർ, റീച്ച് ലബോറട്ടറി, വളപ്രയോഗത്തിനുള്ള ഓൺലൈൻ ശുപാർശാസംവിധാനം, രോഗപ്രതിരോധനടപടികൾക്കും വിജ്ഞാനവ്യാപനത്തിനുമുള്ള മൊബൈൽ ആപ്പുകൾ, റബ്ബറിന്റെ ഇലക്ട്രോണിക് വ്യാപാരസംവിധാനം, വടക്കുകിഴക്കൻ പ്രദേശങ്ങളിലെ റബ്ബർകൃഷിവ്യാപനത്തിനുള്ള 'എൻ.ഇ. മിത്ര' പദ്ധതി, കാർബൺ ട്രേഡിങ്, സസ്റ്റൈനബിലിറ്റി സർട്ടിഫിക്കേഷൻ എന്നിവയെല്ലാം റബ്ബർബോർഡിന്റെ പുതിയ ആശയങ്ങളാണ്.

എം.പി. മാരായ എൻ.കെ. പ്രേമചന്ദ്രൻ, വിനയ് ദിനു ടെൻഡുൽക്കർ, എം.എൽ.എ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എന്നിവർ യോഗത്തിൽ ആശംസാപ്രസംഗങ്ങൾ നടത്തി. കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അമർദീപ് സിങ് ഭാട്ടിയ ഐ.എ.എസ്. വിഷയാവതരണം നടത്തി. പ്ലാറ്റിനം ജൂബിലിയുടെ സ്മാരകമായി നിർമ്മിച്ച ശിൽപത്തിന്റെ അനാച്ഛാദനവും അദ്ദേഹം നിർവഹിച്ചു. റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. സ്വാഗതം ആശംസിച്ചു. കേരളാ റബ്ബർ ലിമിറ്റഡിന്റെ ചെയർപേഴ്സണും മാനേജിങ് ഡയറക്ടറുമായ ഷീല തോമസ് ഐ.എ.എസ്. (റിട്ട.), റബ്ബർബോർഡ് വൈസ് ചെയർമാൻ കെ.എ. ഉണ്ണിക്കൃഷ്ണൻ, റബ്ബർബോർഡ് എക്സിക്യൂട്ടീവ് അംഗം എൻ. ഹരി, കേരളത്തിലെ റബ്ബർകർഷകരുടെ പ്രതിനിധി റ്റി.സി. ചാക്കോ, വടക്കുകിഴക്കൻ പ്രദേശങ്ങളിലെ റബ്ബർകർഷകരുടെ പ്രതിനിധി അശോക് നാഥ് തുടങ്ങിയവർ യോഗത്തിൽ സംസാരിച്ചു.

ഇ-മാർക്കറ്റ് പ്ലാറ്റ്ഫോമിൽ പങ്കെടുക്കുന്നവർക്കായി ബോർഡ് പ്രഖ്യാപിച്ച 'എം. റൂബ് അക്കോലൈഡ്സ് 2023', 'ഏർലി അഡോപ്റ്റർ' എന്നീ അവാർഡുകളും ചടങ്ങിൽ വിതരണം ചെയ്തു. •

## പ്ലാറ്റിനം ജൂബിലി ശിൽപം





*കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അമർദീപ് സിങ് ഭാട്ടിയ ഐ.എ.എസ്. കോട്ടയത്ത് റബ്ബർബോർഡിന്റെ കേന്ദ്ര ഓഫീസിന് മുന്നിൽ പ്ലാറ്റിനം ജൂബിലിയുടെ സ്മാരകമായി നിർമ്മിച്ച ശിൽപത്തിന്റെ ഫലകം അനാച്ഛാദനം ചെയ്യുന്നു*

റബ്ബർ ആക്ട് നിലവിൽ വന്നതിന്റെ പ്ലാറ്റിനം ജൂബിലിയുടെ സ്മാരകമായി കോട്ടയത്ത് റബ്ബർ ബോർഡിന്റെ കേന്ദ്ര ഓഫീസിനു മുന്നിൽ സ്ഥാപിച്ചിരിക്കുന്ന ശിൽപത്തിന്റെ അനാച്ഛാദനം കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അമർദീപ് സിങ് ഭാട്ടിയ ഐ.എ.എസ്. നിർവഹിച്ചു.

റബ്ബർബോർഡിന്റെ 75 വർഷത്തെ മാതൃകാപരമായ പ്രവർത്തനം ഇന്ത്യയുടെ കാർഷിക, സാമൂഹിക, സാമ്പത്തിക ചരിത്രത്തിൽ ഉണ്ടാക്കിയ സ്വാധീനം തുറന്നുകാട്ടുന്നതാണ് ഈ ശിൽപം. ഏഴ്, അഞ്ച് എന്നീ അക്കങ്ങൾ പരസ്പരം ചേർന്നു നിൽക്കുന്ന തരത്തിൽ സ്റ്റീൽ കൊണ്ടുള്ള ശിൽപമാണ് സ്ഥാപിച്ചിരിക്കുന്നത്. ശിൽപത്തിൽ കാണുന്ന വിവിധ ദിശകളിലേക്ക് വളരുന്ന റബ്ബറിലകൾ റബ്ബർ മേഖലയിലുണ്ടായ വളർച്ചയെയും റബ്ബറിന്റെ വെട്ടുപട്ട വളരെക്കാലം നീണ്ടുനിൽക്കുന്ന റബ്ബറുത്പാദനത്തെയും സൂചിപ്പിക്കുന്നു. റബ്ബറിനെ ഒരു ദേശീയവിളയായി വളർത്തിക്കൊണ്ടുവരാൻ പ്രയത്നിച്ച അനേകം തൊഴിലാളികളുടെയും കർഷകരുടെയും കൈപ്പത്തികളും ഈ ശിൽപത്തിൽ കോർത്തിണക്കിയിരിക്കുന്നു.

സ്റ്റെയിൻലെസ് സ്റ്റീൽ, കോൺക്രീറ്റ്, ഗ്രാനൈറ്റ് എന്നിവയെല്ലാം ഉപയോഗിച്ച് നിർമിച്ചിരിക്കുന്ന ഈ ശിൽപത്തിന്റെ രൂപകൽപനയും നിർമ്മാണവും നിർവഹിച്ചത് കോട്ടയത്തെ ക്രിയേറ്റീവ് മൈൻഡ്സ് എന്ന സ്ഥാപനത്തിലെ എസ്. രാധാകൃഷ്ണനും സഹപ്രവർത്തകരും ചേർന്നാണ്.

# പ്ലാറ്റിനം ജൂബിലി എക്സിബിഷൻ




*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. എക്സിബിഷന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നു*

റബ്ബർ ആക്ട് നിലവിൽ വന്നതിന്റെ പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ട് റബ്ബർബോർഡ് നടത്തുന്ന ആഘോഷങ്ങളുടെ ഭാഗമായി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ സംഘടിപ്പിച്ച ത്രിദിന എക്സിബിഷന്റെ ഉദ്ഘാടനം റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. നിർവ്വഹിച്ചു.

റബ്ബറിന്റെ ചരിത്രവും റബ്ബർമേഖലയിൽ ഉണ്ടായിട്ടുള്ള വികസനങ്ങളും റബ്ബർബോർഡിന്റെ നാളിതുവരെയുള്ള നേട്ടങ്ങളും നാൽപതിലധികം സ്റ്റാളുകളിലായി ഒരുക്കിയിരുന്ന പ്രദർശനത്തിന്റെ മുഖ്യ ആകർഷണമായിരുന്നു. വിവിധ തരം റബ്ബറുത്പന്നങ്ങളും അവയുടെ നിർമ്മാണരീതികളും സ്റ്റാളുകളിൽ ക്രമീകരിച്ചിരുന്നു. പ്രകൃതിദത്തറബ്ബർ ഏതെല്ലാം മേഖലകളിൽ ഉപയോഗിക്കാമെന്നതും എത്രമാത്രം അനന്തസാധ്യതകൾ അതിനുണ്ടെന്ന് വെളിവാക്കുക എന്നതും പ്രദർശനത്തിന്റെ പ്രധാന ലക്ഷ്യങ്ങളായിരുന്നു.



*റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ, എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. എന്നിവർ എക്സിബിഷൻ സ്റ്റാൾ സന്ദർശിക്കുന്നു.*

റബ്ബർഗവേഷണകേന്ദ്രത്തിലെ വിവിധ ഡിവിഷനുകൾ തയ്യാറാക്കിയ വീഡിയോകൾ പ്രദർശനഹാളിലെ വലിയ സ്ക്രീനിൽ പ്രദർശിപ്പിച്ചത് പൊതുജനങ്ങളുടെ ശ്രദ്ധയാകർഷിച്ചു. വ്യായാമത്തിനായി ഉപയോഗിക്കുന്ന ഗുണമേന്മയുള്ളതും കയറ്റുമതി സാധ്യതകൾ ഏറെയുള്ളതുമായ എക്സർസൈസ് ബാൻഡുകൾ, പ്രകൃതിദത്ത റബ്ബർകൊണ്ട് നിർമ്മിതമായ ഫോമുകൾ, മെഡിക്കൽ കയ്യുറകൾ, ഗാർഹിക കയ്യുറകൾ തുടങ്ങിയ റബ്ബറുത്പന്നങ്ങളുടെ പ്രദർശനവും വിപണനവും എക്സിബിഷന്റെ ഭാഗമായി ഉണ്ടായിരുന്നു. ഉത്പന്നനിർമ്മാതാക്കൾ, കർഷകർ, ചരിത്രാന്വേഷികൾ, പൊതുജനങ്ങൾ തുടങ്ങി നിരവധി ആളുകളാണ് മൂന്നുദിവസം നീണ്ടുനിന്ന എക്സിബിഷനിൽ സ്റ്റാളുകൾ സന്ദർശിച്ചത്.



*എക്സിബിഷൻ സ്റ്റാളിൽ നിന്നുള്ള ദൃശ്യം*



സജീവ് എം.എസ്.
അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ (എം റൂബ്)

# റബ്ബർബോർഡ് 'എം റൂബ്'പുരസ്കാരം 2023

തോട്ടവിളകളുടെ വ്യാപാരം ഡിജിറ്റൈസ് ചെയ്യുക എന്നത് കേന്ദ്രസർക്കാരിന്റെ പ്രഖ്യാപിത നയമാണ്. അതിന്റെ ഭാഗമായി റബ്ബർബോർഡ് പുറത്തിറക്കിയ ഇലക്ട്രോണിക് വ്യാപാരസംവിധാനമാണ് 'എം റൂബ്'. ഈ സംവിധാനത്തിലൂടെ 2023 മാർച്ച് 31-ന് അവസാനിച്ച സാമ്പത്തികവർഷം 594 വ്യാപാരക്കരാറുകളിലായി 105.55 കോടി രൂപ മൂല്യം വരുന്ന 8117 മെട്രിക് ടൺ പ്രകൃതിദത്തറബ്ബറിന്റെ വ്യാപാരം നടക്കുകയുണ്ടായി. വ്യാപാരം തുടങ്ങി 160 ദിവസങ്ങൾക്കുള്ളിൽതന്നെ രാജ്യത്തുടനീളമുള്ള 1500-ൽ അധികം വ്യാപാരികൾ ഈ സംവിധാനം ഉപയോഗിച്ചുതുടങ്ങി എന്നത് ശ്രദ്ധേയമായ ഒരു കാര്യമാണ്.

'എം റൂബ്'-ൽ രജിസ്റ്റർ ചെയ്ത അംഗങ്ങളിൽനിന്ന് ഓരോ മേഖലയിലും മികച്ച പ്രകടനം നടത്തിയവർക്കുള്ള 'എം റൂബ് അക്കോലേഡ് 2023' പുരസ്കാരങ്ങൾ റബ്ബർബോർഡിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിന്റെ ഭാഗമായി കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടന്ന സമ്മേളനത്തിൽ വെച്ച് വിതരണം ചെയ്തു. ഓരോ മേഖലയിലും ഏറ്റവും കൂടുതൽ വ്യാപാരം 'എം റൂബ്'-ലൂടെ നടത്തി വിജയികളായവർക്ക് ഒരു ലക്ഷം രൂപയും പ്രശസ്തിപത്രവും നൽകി ആദരിച്ചു.

ടയർ സെക്ടറിൽനിന്ന് 'എം റൂബ്'-ലൂടെ ഏറ്റവും കൂടുതൽ വ്യാപാരം നടത്തിയ എം.ആർ.എഫ്.-നുവേണ്ടി അനൂപ് ജോൺ തോമസ്, മാനേജർ (പർച്ചേസ്) പുരസ്കാരം ഏറ്റുവാങ്ങി. ഏറ്റവും കൂടുതൽ വ്യാപാരം നടത്തിയ ഡീലർക്കുള്ള പുരസ്കാരം മണിമലയാർ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി മാനേജർ നിഷാ വർമ്മയും റബ്ബർ പ്രോസസ്സർ വിഭാഗത്തിനുള്ള പുരസ്കാരം കവണാർ ലാറ്റക്സ് ലിമിറ്റഡിന്റെ മാനേജിങ് ഡയറക്ടർ മാത്യു ജോസഫും സ്വീകരിച്ചു.

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് ഏറ്റവും കൂടുതൽ വ്യാപാരം നടത്തിയ റബ്ബറുത്പാദകസംഘത്തിനുള്ള (ആർ.പി.എസ്.) പുരസ്കാരം ജലെബാസ ആർ.പി.എസ്. (ത്രിപുര)-ന് വേണ്ടി അരുണാഭ മജുംദാർ (ഡെവലപ്മെന്റ് ഓഫീസർ) ഏറ്റുവാങ്ങി. വടക്കു



*റബ്ബർബോർഡ് വൈസ് ചെയർമാൻ കെ.എ. ഉണ്ണിക്കൃഷ്ണനിൽ നിന്ന് എം.ആർ.എഫ്. -നുവേണ്ടി അനൂപ് ജോൺ തോമസ്, മാനേജർ (പർച്ചേസ്) അവാർഡ് സ്വീകരിക്കുന്നു*



*കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അമർദീപ് സിങ് ഭാട്ടിയ ഐ.എ.എസ്. -ൽ നിന്ന് മണിമലയാർ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡിനുവേണ്ടി മാനേജർ നിഷാ വർമ്മ അവാർഡ് സ്വീകരിക്കുന്നു*



റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയയിൽനിന്ന് കവണാർ ലാറ്റക്സ് ലിമിറ്റഡിനുവേണ്ടി മാനേജിങ് ഡയറക്ടർ മാത്യു ജോസഫ് അവാർഡ് സ്വീകരിക്കുന്നു



കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അമർദീപ് സിങ് ഭാട്ടിയ ഐ.എ.എസ്. -ൽ നിന്ന് ജലെബാസ ആർ.പി.എസ്. (ത്രിപുര)-ന് വേണ്ടി അരുണാഭ മജുംദാർ (ഡെവലപ്മെന്റ് ഓഫീസർ) അവാർഡ് സ്വീകരിക്കുന്നു



വിനയ് ദിനു ടെൻഡുൽക്കർ എം.പി. -യിൽ നിന്ന് എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന കൈപ്പട്ടൂർ ആർ.പി.എസ്. -നു വേണ്ടി പ്രസിഡന്റ് ബിജു തോമസ് അവാർഡ് സ്വീകരിക്കുന്നു



റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. -ൽ നിന്ന് റബ്ഫില ഇന്റർനാഷണലിന് വേണ്ടി കമ്പനിയുടെ സീനിയർ മാനേജർ (മെറ്റീരിയൽസ്) കെ. ശിവകുമാർ അവാർഡ് സ്വീകരിക്കുന്നു

## ഏർലി അഡോപ്റ്റർ അവാർഡുകൾ



റബ്ബർബോർഡ് എക്സിക്യൂട്ടീവ് അംഗം എൻ. ഹരിയിൽ നിന്ന് ലിസ്സി റബ്ബർ പ്രൈവറ്റ് ലിമിറ്റഡ് (കോതമംഗലം) -ന് വേണ്ടി അനിൽ മാത്യു കുര്യാസ് (കമ്പനി ഡയറക്ടർ) അവാർഡ് സ്വീകരിക്കുന്നു



വിനയ് ദിനു ടെൻഡുൽക്കർ എം.പി. -യിൽ നിന്ന് വേമ്പനാട് റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (എറണാകുളം)-ന് വേണ്ടി ബർണാഡ് ഡി. കുഞ്ഞ (മാനേജിങ് ഡയറക്ടർ) അവാർഡ് സ്വീകരിക്കുന്നു

കിഴക്കൻ സംസ്ഥാനങ്ങൾ ഒഴികെയുള്ള ആർ.പി.എസ്. -കളിൽനിന്നും ഏറ്റവും കൂടുതൽ വ്യാപാരം നടത്തിയവർക്കുള്ള പുരസ്കാരം എറണാകുളം ആസ്ഥാനമായി പ്രവർത്തിക്കുന്ന കൈപ്പട്ടൂർ ആർ.പി.എസ്. -നുവേണ്ടി പ്രസിഡന്റ് ബിജു തോമസ് സ്വീകരിച്ചു.

ടയറിതരമേഖലയിൽ 'എം റൂബ്'-ലൂടെ ഏറ്റവും കൂടുതൽ വ്യാപാരം നടത്തിയ റബ്ഫില ഇന്റർനാഷണലിനുള്ള പുരസ്കാരം കമ്പനിയുടെ സീനിയർ മാനേജർ (മെറ്റീരിയൽസ്) കെ. ശിവകുമാർ സ്വീകരിച്ചു.

കഴിഞ്ഞ സാമ്പത്തികവർഷം 'എം റൂബ്'-ലൂടെ 500 ടണ്ണിൽ കൂടുതൽ പ്രകൃതിദത്തറബ്ബർ വിപണനം നടത്തിയവർക്കുള്ള 'ഏർലി അഡോപ്റ്റർ' അവാർഡുകളും ഇതോടൊപ്പം സമ്മാനിച്ചു.

'ഏർലി അഡോപ്റ്റർ' അവാർഡ് ജേതാക്കളായ ലിസ്സി റബ്ബർ പ്രൈവറ്റ് ലിമിറ്റഡ് (കോതമംഗലം), വേമ്പനാട് റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (എറണാ



*കേരളാ റബ്ബർ ലിമിറ്റഡിന്റെ ചെയർപേഴ്സണും മാനേജിങ് ഡയറക്ടറുമായ ഷീല തോമസ് ഐ.എ.എസ്. (റിട്ട.) -ൽ നിന്ന് തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (നിലമ്പൂർ) -ന് വേണ്ടി ജോബി തോമസ് (മാനേജിങ് ഡയറക്ടർ) അവാർഡ് സ്വീകരിക്കുന്നു*



*വിനയ് ദിനു ടെൻഡുൽക്കർ എം.പി. -യിൽ നിന്ന് സീയെന്നാർ അസ്സോസിയേറ്റ്സ് (കോട്ടയം)-ന് വേണ്ടി എൻ. രാജഗോപാൽ (മാനേജിങ് ഡയറക്ടർ) അവാർഡ് സ്വീകരിക്കുന്നു*



*റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയയിൽനിന്ന് ആർ. വൺ ഇന്റർനാഷണൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് (എറണാകുളം) -ന് വേണ്ടി കെ. വിനയരാജ് (കമ്പനി ഡയറക്ടർ) അവാർഡ് സ്വീകരിക്കുന്നു*



*കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പിലെ അഡീഷണൽ സെക്രട്ടറി അമർദീപ് സിങ് ഭാട്ടിയ ഐ.എ.എസ്. -ൽ നിന്ന് മിത്തൽ അസ്സോസിയേറ്റ്സ് (ന്യൂഡെൽഹി) -ന് വേണ്ടി ഡോ. അനുരാധാ മജുംദാർ അവാർഡ് സ്വീകരിക്കുന്നു*



*വിനയ് ദിനു ടെൻഡുൽക്കർ എം.പി. -യിൽ നിന്ന് ബാലാജി എന്റർപ്രൈസസ് (എറണാകുളം) -ന് വേണ്ടി സുനിൽ കുമാർ ധവാൻ അവാർഡ് സ്വീകരിക്കുന്നു*



*റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. -ൽ നിന്ന് ഉത്തംകുമാർ ദേബനാഥ് കമ്പനി (ത്രിപുര) -ക്കു വേണ്ടി ഉത്തംകുമാർ ദേബനാഥ് അവാർഡ് സ്വീകരിക്കുന്നു*

കുളം), തുഞ്ചത്ത് എഴുത്തച്ഛൻ റബ്ബേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് (നിലമ്പൂർ), സീയെന്നാർ അസ്സോസിയേറ്റ്സ് (കോട്ടയം), ആർ. വൺ ഇന്റർനാഷണൽ (ഇന്ത്യ) പ്രൈവറ്റ് ലിമിറ്റഡ് (എറണാകുളം), മിത്തൽ അസ്സോസിയേറ്റ്സ് (ന്യൂഡെൽഹി), ബാലാജി എന്റർപ്രൈസസ് (എറണാകുളം), ഉത്തംകുമാർ ദേബനാഥ് കമ്പനി (ത്രിപുര) എന്നിവർക്കു വേണ്ടി യഥാക്രമം അനിൽ മാത്യു കുര്യാസ് (കമ്പനി ഡയറക്ടർ), ബർണാഡ് ഡി. കുഞ്ഞ (മാനേജിങ് ഡയറക്ടർ), ജോബി തോമസ് (മാനേജിങ് ഡയറക്ടർ), എൻ. രാജഗോപാൽ (മാനേജിങ് ഡയറക്ടർ), കെ. വിനയരാജ് (കമ്പനി ഡയറക്ടർ), ഡോ. അനുരാധാ മജുംദാർ, സുനിൽ കുമാർ ധവാൻ, ഉത്തംകുമാർ ദേബനാഥ് എന്നിവർ പുരസ്കാരങ്ങൾ ഏറ്റുവാങ്ങി. •

## ‘റബ്ബർചരിത്രം’ - പുസ്തകം പ്രകാശനം ചെയ്തു




*‘റബ്ബർചരിത്രം’ എന്ന പുസ്തകത്തിന്റെ കോപ്പി സതീഷ് ഏബ്രഹാമിന് നൽകിക്കൊണ്ട് റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ (ഇടത്ത്) പ്രകാശനം ചെയ്യുന്നു. സുധ പി. (സെക്രട്ടറി ഇൻ-ചാർജ്), എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ), ഡോ. വിനോദ് തോമസ് (പുസ്തക രചയിതാവ്), ഡോ. സിബി വർഗീസ് (ജോയിന്റ് ഡയറക്ടർ) എന്നിവർ സമീപം (ഇടത്തുനിന്ന്)*

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. വിനോദ് തോമസ് എഴുതിയ ‘റബ്ബർ ചരിത്രം’ എന്ന പുസ്തകത്തിന്റെ പ്രകാശനം റബ്ബർബോർഡ് ചെയർമാൻ ഡോ. സാവർ ധനാനിയ അസോസിയേഷൻ ഓഫ് ലാറ്റക്സ് പ്രൊഡ്യൂസേഴ്സ് ഓഫ് ഇന്ത്യയുടെ പ്രസിഡന്റ് സതീഷ് ഏബ്രഹാമിന് പുസ്തകത്തിന്റെ കോപ്പി കൈമാറിക്കൊണ്ട് നിർവഹിച്ചു. റബ്ബർ ആക്ട് നിലവിൽ വന്നതിന്റെ പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ട് റബ്ബർബോർഡ് കോട്ടയം മാമ്മൻ മാപ്പിള ഹാളിൽ നടത്തിയ എക്സിബിഷന്റെ ഉദ്ഘാടനവേളയിലാണ് പുസ്തകം പ്രകാശനം ചെയ്തത്.

റബ്ബർ മാസികയിൽ റബ്ബർചരിത്രം എന്ന പംക്തിയിൽ ഡോ. വിനോദ് തോമസ് എഴുതിയിരുന്ന ലേഖനങ്ങളുടെ സമാഹാരമാണ് ‘റബ്ബർചരിത്രം’ എന്ന ഈ പുസ്തകം.

## റബ്ബർകൊണ്ട് നിർമ്മിച്ച ആന



റബ്ബർ ആക്ട് നിലവിൽ വന്നതിന്റെ പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ട് റബ്ബർബോർഡ് നടത്തുന്ന ആഘോഷങ്ങളുടെ ഭാഗമായി കോട്ടയത്തെ മാമ്മൻ മാപ്പിള ഹാളിൽ സംഘടിപ്പിച്ച എക്സിബിഷന്റെ മുഖ്യ ആകർഷണമായിരുന്നു പ്രവേശനകവാടത്തിനരികിൽ സ്ഥാപിച്ചിരുന്ന ആനയുടെ പൂർണകായ പ്രതിമ. പ്രകൃതിദത്തറബ്ബർ കൊണ്ട് നിർമിച്ച ആന എന്നതായിരുന്ന പ്രതിമയുടെ പ്രത്യേകത. പതിന്നാല് അടി പൊക്കമുള്ള ആനയുടെ ശിൽപം യഥാർഥ ആനയുടെ അളവുകൾക്കനുസരിച്ച് തന്നെയാണ് നിർമ്മിച്ചിട്ടുള്ളത്.

ഇന്ത്യൻ റബ്ബർഗവേഷണ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന റബ്ബർ പ്രോഡക്ട്സ് ഇൻക്യുബേഷൻ സെന്ററിന്റെ സാങ്കേതിക സഹായത്തോടെ തൃശ്ശൂർ ആസ്ഥാനമായുള്ള ‘ഫോർ ഹി ആർട്ട്’ എന്ന കമ്പനിയാണ് ആനയുടെ പ്രതിമ നിർമിച്ചത്. യഥാർഥ ആനയെ കാണുമ്പോഴും തൊടുമ്പോഴുമുള്ള അനുഭവം നൽകാൻ ഈ കൃത്രിമ ആനയ്ക്ക് കഴിയുമെന്നാണ് നിർമാതാക്കളായ തൃശൂർ ഫോർ ഹി ആർട്ട് അവകാശപ്പെടുന്നത്. ജീവൻ തുടിക്കുന്ന ഒട്ടേറെ ആനകളെ കമ്പനി വിദേശരാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്തുകഴിഞ്ഞു. റബ്ബർമേഖലയിലെ ഉത്പന്ന നിർമ്മാണരംഗത്തെ പുതിയ ആശയങ്ങൾക്ക് റബ്ബർബോർഡ് നൽകുന്ന പിന്തുണയോടെയാണ് കമ്പനി രൂപവത്കരിച്ചിട്ടുള്ളത്.



ഡോ. ഷാജി ഫിലിപ്പ്  എഡ്വിൻ പ്രേം
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# വേനൽമഴയും ഇലപ്പൊട്ടുരോഗവും - ശ്രദ്ധവേണം തോട്ടങ്ങളിൽ

**വേനൽമഴയ്ക്ക് ശേഷം റബ്ബറിന്റെ മൂത്ത ഇലകളെ ബാധിക്കുന്ന ഒരു രോഗമാണ് കൊളിറ്റോട്രിക്കം സർക്കുലാർ ലീഫ് സ്പോട്ട് എന്ന ഇലപ്പൊട്ടുരോഗം. ഈ രോഗത്തിനെതിരെ തക്ക സമയത്ത് വേണ്ട മുൻകരുതൽ എടുത്തില്ലെങ്കിൽ മരങ്ങളുടെ ഇലകൾ കൊഴിഞ്ഞ് ഉത്പാദനനഷ്ടം ഉണ്ടാകും. രോഗലക്ഷണങ്ങളെക്കുറിച്ചും പ്രതിരോധനടപടികളെക്കുറിച്ചും ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

അതിശക്തമായ വെയിലും അങ്ങിങ്ങ് പെയ്യുന്ന മഴയും ഈ വേനൽകാലത്തിന്റെ ഒരു പ്രത്യേകതയാണ്. പരമ്പരാഗത റബ്ബർമേഖലയിലാകെ പകൽ സമയം ഉയർന്ന താപനിലയാണ് അനുഭവപ്പെടുന്നത്. ഈ വർഷം റബ്ബർമേഖലയിൽ പൊടിക്കുമിൾരോഗം വളരെ വ്യാപകമായിരുന്നു. രണ്ടും മൂന്നും തവണ ഈ രോഗം തളിരിലകളെ ബാധിച്ചു. ഇപ്പോൾ തോട്ടങ്ങളിലെല്ലാം ഇലകൾ മൂപ്പെത്തിയ അവസ്ഥയിലാണ്. മഴക്കാലത്ത് റബ്ബർമരങ്ങളെ സാധാരണമായി ബാധിക്കുന്ന രോഗങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒന്നാണ് ഇലപ്പൊട്ടുരോഗം (കൊളിറ്റോട്രിക്കം സർക്കുലാർ ലീഫ് സ്പോട്ട് ഡിസീസ്). 2017 മുതലാണ് നമ്മുടെ നാട്ടിൽ ഈ രോഗം കണ്ടു തുടങ്ങിയത്. ഏപ്രിൽ/മെയ് മാസം മുതൽ രോഗബാധ കണ്ടുതുടങ്ങും. ഈ രോഗം വേനൽമഴയോടെ ശക്തമാകുകയും ഇലകൊഴിച്ചിലിന് കാരണമാകുകയും ചെയ്യും. കഴിഞ്ഞവർഷം മെയ് മാസത്തിൽ വേനൽമഴ ശക്തമായിരുന്നു. അതിനെത്തുടർന്ന് മലബാർ മേഖലയിലും സൗത്ത് കർണാടകയിലും ചില പരമ്പരാഗത മേഖലകളിലും രോഗം വ്യാപകമായിരുന്നു. രോഗത്തിന് അനുകൂലമായ കാലാവസ്ഥയാണെങ്കിൽ നവംബർ മാസം വരെ ഇലപ്പൊട്ടുരോഗം റബ്ബർ തോട്ടങ്ങളിൽ കാണാറുണ്ട്.



*ഇലപ്പൊട്ടുരോഗം ബാധിച്ച ഇലകൾ*

**രോഗലക്ഷണങ്ങൾ**

മൂത്ത ഇലകളിലാണ് ഇലപ്പൊട്ടുരോഗം വ്യാപകമായി കണ്ടുവരുന്നത്. നഴ്സറികളിലെ തൈകളിലെയും വലിയ മരങ്ങളിലെയും മൂത്ത ഇലകളിൽ വട്ടത്തിൽ രണ്ടോ മൂന്നോ അതിലധികമായോ പൊട്ടുകൾ പോലെ രൂപപ്പെടും. ഈ പൊട്ടുകൾ പിന്നീട് ഹരിതകം നശിച്ച് ഒന്നുമുതൽ മൂന്നു വരെ സെ.മീ. വലിപ്പത്തിൽ ഇലകളിൽ കാണപ്പെടും. ചെറിയ കറുത്ത പൊട്ടുകളായാണ് വേനൽമഴയ്ക്കുശേഷം മൂത്ത ഇലകളിൽ ഈ രോഗം പ്രത്യക്ഷപ്പെടുന്നത്. അതിനുശേഷം അനുകൂല കാലാവസ്ഥയിൽ (ഇടകലർന്ന മഴയും വെയിലും) രോഗലക്ഷണങ്ങൾ കൂടുതൽ ഇലകളിലേക്ക് വ്യാപിക്കുകയും പിന്നീട് ഇലകൊഴിച്ചിൽ ഉണ്ടാകുകയും ചെയ്യുന്നു. ഇലഞെട്ടിലോ കൂമ്പുകളിലോ രോഗബാധ നിരീക്ഷിക്കപ്പെട്ടിട്ടില്ല. അതുപോലെ മഴക്കാലത്ത് പൊട്ടുകൾ കറുത്ത നിറമാകുകയും ഇലകൾ മഞ്ഞ/തവിട്ട്/പിങ്ക് നിറങ്ങളിൽ ഇലപ്പൊട്ടോടെ നിലനിൽക്കുകയും പിന്നീട് കൊഴിയുകയും ചെയ്യുന്നതായി കാണാം.

**രോഗാണുക്കൾ**

രോഗബാധയുള്ള മരങ്ങളിൽനിന്നും ശേഖരിച്ച ഇലകളും രോഗംവന്ന് കൊഴിഞ്ഞുവീണ ഇലകളും റബ്ബർ



ഗവേഷണകേന്ദ്രത്തിൽ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കുകയും രോഗം ബാധിച്ച ഭാഗത്തുനിന്നും രോഗഹേതുവായ പൂപ്പലിനെ ശാസ്ത്രീയമായി വേർതിരിച്ചെടുത്ത് പരീക്ഷണശാലയിൽ കൃത്രിമമായി വളർത്തി നിരീക്ഷിക്കുകയും ചെയ്തു. ഈ കുമിൾ ഏതുവിഭാഗത്തിൽപെട്ടതാണെന്ന് കണ്ടെത്തുന്നതിന് ജനിതകസാങ്കേതികവിദ്യയും പ്രയോജനപ്പെടുത്തി. *കൊളിറ്റോട്രിക്കം ഫ്രക്റ്റികോള, കൊളിറ്റോട്രിക്കം സിയാമെൻസ്* എന്നീ കുമിളുകളെയാണ് രോഗഹേതുവായി കണ്ടെത്തിയത്. ഈ പൂപ്പലുകളുടെ ജനിതകശ്രേണിയും കണ്ടെത്തി. പൂനയിലെ അഗാർക്കർ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും പൂപ്പൽ ഇതുതന്നെ എന്ന് സ്ഥിരീകരണം ലഭിച്ചു. വേർതിരിച്ചെടുത്ത കുമിൾരേണുക്കൾ റബ്ബർതൈകളുടെ മൂത്ത ഇലകളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രയോഗിച്ചപ്പോൾ തോട്ടങ്ങളിൽ കണ്ടെത്തിയ പൊട്ടുപോലെയുള്ള രോഗബാധ ഈ ഇലകളിലും ഉണ്ടാകുന്നതായികണ്ടു. ഈ കുമിളുകളെക്കുറിച്ച് കൂടുതൽ പഠനങ്ങൾ ഗവേഷണകേന്ദ്രത്തിൽ പുരോഗമിക്കുകയാണ്.

**രോഗവ്യാപനം**

ഇന്ന് പരമ്പരാഗതമേഖലയിലെ വിവിധ തോട്ടങ്ങളിലും തമിഴ്നാട്ടിലെ കന്യാകുമാരി ജില്ലയിലും കർണ്ണാടകയിലെ സൗത്ത് കന്നട ജില്ലയിലെ തോട്ടങ്ങളിലും രോഗബാധ നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നടീലിനായി റബ്ബർ ബോർഡ് ശുപാർശ ചെയ്തിട്ടുള്ള എല്ലാ ഇനങ്ങളിലും രോഗബാധയുണ്ടാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. പല തോട്ടങ്ങളിലും അകാലിക ഇലകൊഴിച്ചിലും ഇലപ്പൊട്ടുരോഗവും ഒരേസമയം കണ്ടുവരുന്നു. അകാലിക ഇലകൊഴിച്ചിലിനെതിരെ വൈകി മരുന്നടിച്ച തോട്ടങ്ങളിലും മരുന്നടിക്കാതിരുന്ന തോട്ടങ്ങളിലും രോഗബാധ വ്യാപകമാണ്. രോഗബാധ കണ്ടെത്തിയ എല്ലാ സ്ഥലങ്ങളും റബ്ബർഗവേഷണകേന്ദ്രത്തിന്റെ സൂക്ഷ്മനിരീക്ഷണത്തിലാണ്. രോഗം ബാധിച്ച ഇലകൾ നവംബർ -ഡിസംബർ മാസംവരെ മരങ്ങളിൽ കൊഴിയാതെ നിൽക്കുന്നതായും കണ്ടിട്ടുണ്ട്.

രോഗബാധയുള്ള തോട്ടങ്ങളിൽ നടത്തിയ നിരീക്ഷണത്തിൽ റബ്ബറിന്റെ ഇലകളിൽ വൃത്താകൃതിയിൽ പൊട്ടുപോലെ കാണപ്പെട്ട രോഗബാധ തോട്ടങ്ങളിലെ മറ്റു ചെടികളിലും ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പാണൽ, വട്ട, പെരിങ്ങലം കാട്ടുചെത്തി, മരുത്, തൊണ്ടി, കമ്മ്യൂണിസ്റ്റ് പച്ച എന്നീ ചെടികളിലാണ് റബ്ബറിലേതിന് സമാനമായ രീതിയിൽ ഇലപ്പൊട്ടുരോഗം കാണപ്പെടുന്നത്. ഇത്തരത്തിൽ രോഗലക്ഷണങ്ങളുള്ള മരങ്ങളുടെ കൊമ്പുകൾ മഴയ്ക്കുമുൻപായി തോട്ടങ്ങളിൽ നിന്ന് മുറിച്ചുകളയുന്നത് രോഗവ്യാപനം തടയാൻ ഒരു പരിധി വരെ സഹായിക്കും.

### രോഗനിയന്ത്രണം

വേനൽമഴയ്ക്കുശേഷം തോട്ടങ്ങളിൽ രോഗബാധ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ തോട്ടങ്ങളിൽ സൂക്ഷ്മനിരീക്ഷണം നടത്തിയതിനുശേഷം വേണം പ്രതിരോധപ്രവർത്തനങ്ങൾ ആരംഭിക്കാൻ. അകാലിക ഇലകൊഴിച്ചിലും ഇലപ്പൊട്ടുരോഗവും സംയുക്തമായി തടയാനുള്ള മാർഗ്ഗങ്ങൾ ഗവേഷണകേന്ദ്രം കണ്ടെത്തിയിട്ടുണ്ട്. രോഗബാധ ഉണ്ടാകുന്നതിന് മുൻപായി ചെമ്പു ചേർന്ന കുമിൾനാശിനി അഗ്രിക്കൾച്ചർ സ്പ്രേ ഓയിലിൽ കലർത്തി (8 കിലോഗ്രം കോപ്പർ ഓക്സിക്ലോറൈഡ് 40 ലിറ്റർ സ്പ്രേ ഓയിലിൽ) അടിക്കുന്നത് വലിയ മരങ്ങളിൽ രോഗബാധ നിയന്ത്രിക്കാൻ ഫലപ്രദമാണ്. അതുപോലെതന്നെ അപക്വകാലമരങ്ങളിൽ (അഞ്ചുവർഷംവരെ പ്രായമുള്ളവയിൽ) മാങ്കോസെബ് (0.2%) സ്പ്രേ ചെയ്യുന്നത് രോഗബാധ നിയന്ത്രിക്കാൻ ഫലപ്രദമാണ്. ചെറിയ മരങ്ങൾക്ക് ഏകദേശം രണ്ടര ലിറ്റർ കുമിൾനാശിനി ആവശ്യമായി വരും. ഇത് 14 ദിവസത്തെ ഇടവേളയിൽ രണ്ടു പ്രാവശ്യം തളിക്കണം. മൈക്രോൺ സ്പ്രേയിങ് ആണ് വലിയ മരങ്ങളിൽ ഫലപ്രദം. ഇപ്പോൾ കണ്ടെത്തിയ കൊളിറ്റോട്രിക്കം കുമിൾ ചില സമയത്ത് രോഗലക്ഷണങ്ങൾ കാണിക്കാതെ ഇലകളുടെ ഉള്ളിൽ ഇരിക്കുന്നതായി കണ്ടിട്ടുണ്ട്. ഇതുമൂലം മരുന്നടിച്ച് ഒരാഴ്ചയ്ക്കുശേഷം ചിലപ്പോൾ കുറെ ഇലകൾക്ക് ചുവന്ന നിറമാകുന്നതായും പിന്നീട് കൊഴിയുന്നതായും കണ്ടെത്തിയിട്ടുണ്ട്. ഈ ഇലകൾ രോഗലക്ഷണങ്ങൾ കാണിച്ചിരുന്നില്ലെങ്കിലും കുമിളിന്റെ സാന്നിദ്ധ്യം അവയിൽ ഉണ്ടായിരുന്നതുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. ഇത്തരം മരങ്ങളിൽ മുകൾ ഭാഗത്തെ ഇലകൾ രോഗബാധ ഏൽക്കാതെ നിൽക്കുന്നതായും കാണാം. അകാലികഇലകൊഴിച്ചിലിന് മരുന്നടിച്ചാലും പല തോട്ടങ്ങളിലും ഈ ഒരു കാരണത്താൽ പിന്നീട് ഇല കൊഴിയാൻ സാധ്യതയുണ്ട്.


*രോഗപ്രതിരോധനത്തിനായി മരുന്നുതളിക്കുന്നു*

### ഇലപ്പൊട്ടുരോഗത്തെപ്പറ്റി ലഭ്യമായ അറിവുകൾ

* വേനൽമഴയ്ക്കുശേഷം ഏപ്രിൽ/മെയ് മാസങ്ങളിൽ രോഗബാധ ആരംഭിക്കാം.
* ചാറ്റൽമഴയും ഇടകലർന്ന വെയിലും രോഗബാധ വർദ്ധിപ്പിക്കും.
* മൂപ്പെത്തിയ ഇലകളിലാണ് രോഗബാധ കൂടുതൽ കാണുന്നത്.
* മൂത്ത ഇലകളിൽ വ്യത്യസ്ത വ്യാസങ്ങളിലായി വെളുത്ത നിറത്തിലും വൃത്താകൃതിയിലുമുള്ള പൊട്ടുകൾ (ഒന്നു മുതൽ മൂന്ന് വരെ സെ.മീ. വ്യാസത്തിൽ) കാണപ്പെടുന്നതാണ് രോഗബാധയുടെ പ്രധാന ലക്ഷണം.
* രോഗം ബാധിച്ച ഇലകൾ പിങ്ക്/മഞ്ഞ നിറമാകുകയും കൊഴിയുകയും ചെയ്യുന്നു.
* ഇലത്തണ്ടിലോ കൂമ്പിലോ ലക്ഷണങ്ങൾ കാണുന്നില്ല.
* രോഗം ബാധിച്ച ഇലകൾ ചിലപ്പോൾ സ്വാഭാവിക ഇലകൊഴിച്ചിൽ ഉണ്ടാകുന്നതുവരെ മരങ്ങളിൽ നിലനിൽക്കുന്നു.
* ഇപ്പോൾ നടീലിനായി ശുപാർശ ചെയ്തിട്ടുള്ള എല്ലാ ഇനങ്ങളിലും രോഗബാധ കാണുന്നുണ്ട്.
* രോഗം ബാധിച്ച് മൂത്ത ഇലകൾ വിവിധ ഘട്ടങ്ങളിൽ കൊഴിയുന്നതുകൊണ്ട് പുതിയ ഇലകൾ തളിർത്തു വരുന്നത് തുലോം കുറവാണ്.
* തൈച്ചെടികൾ, ബഡ്ഡ്‌വുഡ് നഴ്സറികൾ, വലിയ മരങ്ങൾ തുടങ്ങിയവയിലെല്ലാം രോഗബാധ ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
* ഈ കുമിൾ രോഗലക്ഷണങ്ങൾ ഉണ്ടാക്കാതെ ഇലകളുടെ ഉള്ളിൽ ഇരിക്കുന്നതായും നിരീക്ഷിച്ചിട്ടുണ്ട്. ഇതുമൂലം വൈകി മരുന്നടിക്കുന്ന തോട്ടങ്ങളിൽ ഒന്നോ രണ്ടോ നിര ഇലകൾ കൊഴിയാൻ സാധ്യതയുണ്ട്.
* അകാലിക ഇലകൊഴിച്ചിൽ രോഗം ബാധിച്ച തോട്ടങ്ങളിലെ ഇലകൾ കൊഴിയുമ്പോൾ ഇലപ്പൊട്ടുരോഗം ബാധിച്ച ഇലകളും കൊഴിഞ്ഞുവീഴുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്.
* തോട്ടത്തിലെ മറ്റു മരങ്ങളിൽ ഇലപൊട്ടുരോഗമുള്ള ശിഖരങ്ങൾ മഴയ്ക്കുമുമ്പേ മുറിച്ചു മാറ്റുക.

ഈ രോഗത്തെ ഫലപ്രദമായി നിയന്ത്രിക്കാൻ റബ്ബർബോർഡിന്റെ വിജ്ഞാനവ്യാപനവിഭാഗം സ്പ്രേ ഓയിലും കോപ്പർ ഓക്സിക്ലോറൈഡും ചെറുകിടകർഷകർക്ക് നൽകിയിട്ടുണ്ട്. രോഗം വരുന്നതിന് മുൻപ് ഇത് ഇലകളിൽ ശരിയായി സ്പ്രേ ചെയ്യുക. ഈ വിഷയത്തിൽ കൂടുതൽ ഗവേഷണങ്ങൾ റബ്ബർഗവേഷണ കേന്ദ്രത്തിലെ പ്ലാന്റ് പതോളജി വിഭാഗത്തിൽ പുരോഗമിച്ചുവരുന്നു.

കൂടുതൽ വിവരങ്ങൾക്ക് ഡോ. ഷാജി ഫിലിപ്പ് (ഫോൺ. 9446386838), എഡ്വിൻ പ്രേം (ഫോൺ. 9447568030), റബ്ബർ വാട്ട്സ് ആപ്പ് (ഫോൺ. 9496333117), കോൾ സെന്റർ (0481 2576622) എന്നിവിടങ്ങളിൽ ബന്ധപ്പെടാം. •

# എൻ.ഇ. മിത്ര 2023: റബ്ബർതൈനടീൽ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു





*എം. വസന്തഗേശൻ ഐ.ആർ.എസ്. റബ്ബർതൈകളുടെ ഗുണമേന്മ വിലയിരുത്തുന്നു*

വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസിയേഷന്റെ (ആത്മ) സാമ്പത്തികസഹകരണത്തോടെ റബ്ബർ ബോർഡ് നടപ്പാക്കിവരുന്ന റബ്ബർകൃഷിവികസന പദ്ധതിയുടെ ഭാഗമായി 2023-ൽ മേഘാലയയിലെ റിഫോയി ജില്ലയിൽ ഘുലിയ വില്ലേജിലെ റബ്ബർ തൈനടീൽ റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. ഉദ്ഘാടനം ചെയ്തു. കർബി എന്ന ആദിവാസി വിഭാഗത്തിൽപെട്ടവരാണ് ഇവിടെ റബ്ബർ കൃഷി ചെയ്യുന്നതിന് തയ്യാറായിട്ടുള്ളത്. എൻ.ഇ. മിത്ര പദ്ധതി പ്രകാരം കഴിഞ്ഞ വർഷം ഘുലിയയിലെ 62 ഹെക്ടർ സ്ഥലത്താണ് റബ്ബർ കൃഷിചെയ്തത്. 110 പേർ പദ്ധതിയിൽ പങ്കാളികളായി. ഈ വർഷം 40 പേരാണ് കൃഷിക്കുള്ള ഒരുക്കങ്ങൾ നടത്തിയിട്ടുള്ളത്. 76 ഹെക്ടർ സ്ഥലത്ത് തൈകൾ നടാൻ കഴിയുമെന്നാണ് പ്രതീക്ഷ. എൻ.ഇ. മിത്ര പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനായി റബ്ബർതോട്ടങ്ങൾ സന്ദർശിച്ച എക്സിക്യൂട്ടീവ് ഡയറക്ടർ തുടർനടപടികളെക്കുറിച്ച് കർഷകരുമായി സംസാരിച്ചു.

പദ്ധതിക്ക് ആവശ്യമായ നടീൽവസ്തുക്കളുടെ ഗുണമേന്മാപരിശോധനയുടെ ഭാഗമായി ചായഗോണിലെ ഒമേഗ ഗ്രീൻ എന്ന റബ്ബർനഴ്സറിയും എക്സിക്യൂട്ടീവ് ഡയറക്ടർ സന്ദർശിച്ചു. എട്ടു ലക്ഷം തൈകളാണ് നഴ്സറിയിൽ നടീലിനായി തയ്യാറായിക്കൊണ്ടിരിക്കുന്നത്.



പ്രസാദ് പി.
ഡെപ്യൂട്ടി ഡയറക്ടർ (പി. & പി.ആർ.) ഇൻ-ചാർജ്

# പാഴാകാത്ത പരിശീലനങ്ങൾ

**പ്രകൃതിദത്തറബ്ബറുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏവരുടെയും നിലനിൽപ്പും മേഖലയുടെ സുസ്ഥിരതയും ഉറപ്പാക്കുന്നതിനായി റബ്ബർബോർഡ് ദീർഘവീക്ഷണത്തോടെയുള്ള പദ്ധതികളാണ് ആസൂത്രണം ചെയ്തുകൊണ്ടിരിക്കുന്നത്. ഒരു ചെറുകിട റബ്ബറുത്പന്നനിർമ്മാണ യൂണിറ്റിന്റെ ആവിർഭാവത്തിന് ബോർഡ് രണ്ടര ദശാബ്ദം മുമ്പ് നടത്തിയ പരിശീലനം എങ്ങനെ സഹായിച്ചു എന്നതിനെക്കുറിച്ച് ലേഖനം ചർച്ചചെയ്യുന്നു.**

കർണാടകത്തിൽ ഉജിറെയ്ക്കടുത്ത് അത്താജെയിലുള്ള രമേഷ് ഭട്ടിന്റെ ഇൻഡസ്ട്രിയൽ റബ്ബർബാൻഡ് യൂണിറ്റ് സന്ദർശിക്കാനായി ഡെവലപ്മെന്റ് ഓഫീസർ കെ. മോഹനനോടൊപ്പം യാത്ര തുടങ്ങുമ്പോൾ ഒരു ചെറുകിട റബ്ബർകർഷകന്റെ സംരംഭകത്വത്തെക്കുറിച്ച് അറിയുക എന്നതു മാത്രമായിരുന്നു ലക്ഷ്യം. 1995-ലാണ് അത്താജെ പോളിമേഴ്സ് എന്ന പേരിൽ രമേഷ് ഒരു ചെറുകിട റബ്ബറുത്പന്ന നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നത്. അന്നു മുതൽ അദ്ദേഹത്തിന്റെ തോട്ടത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന റബ്ബർപാൽ സ്വന്തം വ്യവസായ യൂണിറ്റിലെ ആവശ്യത്തിനായി ഉപയോഗിച്ചു വരുന്നു. ഇന്ന് പ്രകൃതിദത്തറബ്ബർമേഖല ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെടുന്ന കാര്യങ്ങളാണ് മൂല്യവർദ്ധന, സമഗ്രവികസനം, സുസ്ഥിരത എന്നിവയെല്ലാം. എന്നാൽ, അതിനുള്ള ശ്രമങ്ങളിൽ രമേഷ് പങ്കാളിയായിട്ട് എത്രയോ വർഷങ്ങളായി. എല്ലാവരോടും സാധാരണമായി ചോദിക്കുന്ന ഒരു കാര്യമാണ് 'താങ്കൾ എങ്ങനെ ഇതിലേക്കെത്തി' എന്നത്. "റബ്ബർ വയ്ക്കാൻ പറഞ്ഞതും പഠിപ്പിച്ചതും റബ്ബർബോർഡ്. വിളവെടുക്കാനും ഷീറ്റാക്കാനും പിന്നീടതിനെ മറ്റൊരു ഉത്പന്ന



രമേഷ് ഭട്ടിനോടൊപ്പം (വലത്ത്) ഡെവലപ്മെന്റ് ഓഫീസർ കെ. മോഹനൻ

മാക്കി മാറ്റാനും പഠിപ്പിച്ചത് റബ്ബർബോർഡ്. ഞാനിത് ഒറ്റയ്ക്ക് നടത്തുന്നു. എനിക്ക് പറ്റുന്ന അത്രയും കാലം തുടരും". രമേഷിന്റെ ഈ മറുപടിയിൽ എല്ലാമുണ്ട്. റബ്ബർ ആക്ടിന്റെ പ്ലാറ്റിനം ജൂബിലി വർഷത്തിൽ റബ്ബർബോർഡിന്റെ പ്രസക്തി, റബ്ബർകൃഷിമേഖലയിലെ സാധ്യതകൾ, ആശങ്കകൾ എല്ലാം അതിൽ അടങ്ങിയിരിക്കുന്നു. അറിയാനുള്ളത് ഏതാണ്ട് രണ്ടര ദശാബ്ദമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഈ ചെറിയൊരു ഉത്പന്നനിർമ്മാണയൂണിറ്റിനെപ്പറ്റിയുള്ള ഒരു കേവല വിവരണമല്ല എന്ന കാഴ്ചപ്പാടോടെ ഇനി തുടരാം.

### ഉത്പന്നനിർമ്മാണ യൂണിറ്റിനെക്കുറിച്ച്

ആമുഖമായി രമേഷ് ഭട്ടിന്റെ റബ്ബറുത്പന്ന നിർമ്മാണ യൂണിറ്റിനെക്കുറിച്ചുള്ള വിവരങ്ങൾ പങ്കുവെച്ചു കൊണ്ട് തുടങ്ങാം. അടിസ്ഥാനപരമായി അദ്ദേഹം ഒരു ചെറുകിട റബ്ബർകർഷകനാണ്. റബ്ബർ



കൃഷിയിലെ പരിചയം ആവർത്തനക്കൃഷി വരെ എത്തിനിൽക്കുന്നു. 1994-ൽ കോട്ടയത്തെ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം, റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട് എന്നിവിടങ്ങളിലെ സന്ദർശനമാണ് കർഷകനിൽനിന്ന് സരംഭകനിലേക്കുള്ള ചുവടുമാറ്റത്തിന് കാരണമായത്. ഉത്പന്നനിർമ്മാണത്തിലുള്ള പരിശീലനപരിപാടിയിൽ പങ്കെടുത്തതിലൂടെ കിട്ടിയ പരിമിതമായ അറിവുമായി ഇൻഡസ്ട്രിയൽ റബ്ബർബാൻഡ് എന്ന ആശയത്തിലേക്ക് പ്രവേശിക്കുമ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽ ഉണ്ടായിരുന്നത് രണ്ടു കാര്യങ്ങളാണ്. ഒന്നാമതായി സ്വന്തം തോട്ടത്തിലെ തന്നെ അസംസ്കൃതവസ്തുക്കൾ പരമാവധി പ്രയോജനപ്പെടുത്തുക. രണ്ടാമത്തേത് എല്ലാവരും ചെയ്യുന്ന സാധാരണ റബ്ബർബാൻഡിന് പകരം വ്യത്യസ്തമായതും എന്നാൽ, അടിസ്ഥാനപരമായി ഒരേ പ്രക്രിയയിൽ നിർമ്മിക്കാവുന്നതുമായ മറ്റൊരു ഉത്പന്നമെന്ന ചിന്ത.

റബ്ബർപാലിൽ നിന്നുള്ള ഈ ഉത്പന്നനിർമ്മാണ യൂണിറ്റ് എം.എസ്.എം.ഇ. മേഖലയിലാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്. ഒരു സാധാരണ റബ്ബർബാൻഡ് യൂണിറ്റിന് വേണ്ട സംവിധാനങ്ങൾ തന്നെയാണ് ഇൻഡസ്ട്രിയൽ റബ്ബർബാൻഡ് നിർമ്മാണത്തിനും ആവശ്യമുള്ളത്. രാസവസ്തുക്കൾ സംയോജിപ്പിക്കുന്നതിനുള്ള കെമിക്കൽ മിക്സർ, ബോൾമിൽ, ഡിപ്പിങ് മെഷീൻ, ഡ്രയറുകൾ, കട്ടിങ് മെഷീൻ, പായ്ക്കിങ് മെഷീൻ തുടങ്ങിയവയെല്ലാം ചെറിയ ഷെഡിൽ സൗകര്യപ്രദമായ രീതിയിൽ ക്രമീകരിച്ചിരിക്കുന്നു. യൂണിറ്റിൽ ഉത്പാദിപ്പിക്കുന്ന റബ്ബർബാൻഡ് രമേഷ് ഭട്ട് നേരിട്ട് വിപണനം ചെയ്യുന്നില്ല. മറ്റൊരാൾ കയറ്റുമതി ആവശ്യത്തിനായി വാങ്ങുകയാണ് ചെയ്യുന്നത്. വ്യാവസായികാവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു എന്നതല്ലാതെ ആരെല്ലാം എന്തെല്ലാം ആവശ്യത്തിനായി താൻ നിർമിക്കുന്ന റബ്ബർബാൻഡുകൾ ഉപയോഗിക്കുന്നു എന്നതിനെക്കുറിച്ച് അറിയാൻ അദ്ദേഹം ശ്രമിച്ചിട്ടില്ല!





സ്ത്രീകളും പുരുഷൻമാരുമായി ആറേഴു പേർ യൂണിറ്റിൽ സ്ഥിരമായി തൊഴിൽ ചെയ്യുന്നുണ്ടെങ്കിലും എല്ലാ ജോലികളിലും രമേഷിന്റെ സാന്നിദ്ധ്യം എപ്പോഴും ഉണ്ടായിരിക്കും. മെഷീനുകൾ സ്വന്തമായി പ്രവർത്തിപ്പിക്കുകയും അത്യാവശ്യം അറ്റകുറ്റങ്ങൾ തനിയെ പരിഹരിക്കുകയും ചെയ്യുന്ന രമേഷ് പുതിയ സംവിധാനങ്ങൾ തനിയെ കണ്ടെത്തി വികസിപ്പിച്ചെടുക്കുകയും ചെയ്യുന്നു. വിദേശത്ത് ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന മകന് യൂണിറ്റ് ആധുനികീകരിക്കുന്നതിൽ താൽപര്യമുണ്ടെന്ന് മാത്രമല്ല, നിർദ്ദേശങ്ങളും സഹായങ്ങളും നൽകാറുമുണ്ട്. പക്ഷേ, ഇതിങ്ങനെ തന്നെതുടർന്ന് കൊണ്ടുപോകുമോ എന്നതിൽ അദ്ദേഹത്തിന് ഉറപ്പില്ല.

ഒരു ചെറുകിട റബ്ബുത്പന്നനിർമ്മാണയൂണിറ്റ് ഇങ്ങനെ നിശബ്ദമായി മുന്നോട്ട് കൊണ്ടുപോകുന്ന ഒരു റബ്ബർകർഷകൻ എന്ന നിലയിൽ പുതുതലമുറയ്ക്ക് എന്തുപദേശമാണ് നൽകാനുള്ളതെന്ന ചോദ്യത്തിന് ഉത്തരം മൂന്ന് വാചകങ്ങൾ മാത്രം. “സ്വന്തം തട്ടകം തനിയെ കണ്ടെത്തണം, ദൃഢനിശ്ചയം ഉണ്ടായിരിക്കണം, കഠിനമായി പ്രയത്നിക്കാൻ തയ്യാറാകണം”. അഭിമുഖം കഴിഞ്ഞു. ‘കാണാം’ എന്നൊരു വാക്കോടെ പബ്ലിസിറ്റി തീരെ ആഗ്രഹിക്കാത്ത ‘വലിയ’ കാര്യങ്ങൾ ചെയ്യുന്ന ‘ചെറിയ’ സംരംഭകൻ വീണ്ടും മിക്സിങ് മെഷീനിൽ ബാക്കിവെച്ച പണിയിലേക്ക്.

### സ്വാർത്ഥകമായ 75 വർഷങ്ങൾ

റബ്ബർ ആക്ട് നിലവിൽവന്നതിന്റെ പ്ലാറ്റിനം ജൂബിലി വർഷത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നത് ഒരു പക്ഷേ, റബ്ബർബോർഡിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും അതിലൂടെ റബ്ബർകൃഷിമേഖല കൈവരിച്ച ചരിത്രനേട്ടങ്ങളെക്കുറിച്ചും ആയിരിക്കും. റബ്ബർകൃഷി ഇന്ത്യ ഒട്ടാകെ വ്യാപിച്ചു. ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിച്ചു. കർഷകർ സംഘടിതശക്തിയായി മാറി. ഉത്പന്നനിർമ്മാണരംഗം ഏറെ പുരോഗമിച്ചു. പുതിയ സാധ്യതകളോടൊപ്പം പുതിയ വെല്ലുവിളികൾ നേരിടേണ്ട സാഹചര്യവും ഇന്ന് ഒരേ പ്രാധാന്യത്തോടെ നാം ചർച്ച ചെയ്യുന്നു. റബ്ബർമേഖലയുമായി ബന്ധപ്പെട്ട എല്ലാവരുടെയും നിലനിൽപ് എങ്ങനെ സുസ്ഥിരമാക്കാം എന്ന ചിന്തയ്ക്ക് പ്രാധാന്യമേറുകയും ചെയ്തിരിക്കുന്നു. റബ്ബർബോർഡ് എത്രമാത്രം ദീർഘവീക്ഷണത്തോടെയാണ് തുടക്കം മുതൽ പ്രവർത്തിച്ചുവന്നത് എന്നതു സംബന്ധിച്ച ഒരു പഠനത്തിന് രമേഷ് ഭട്ടിനെ മാത്രം വിശകലനം ചെയ്താൽ മതി.

### നയങ്ങളിലെ വ്യക്തത

റബ്ബർകൃഷിവികസനത്തിനായി ഗവേഷണങ്ങളും വിജ്ഞാനവ്യാപനപ്രവർത്തനങ്ങളും നടത്തിയപ്പോൾ തന്നെ അനുബന്ധമേഖലകൾ മെച്ചപ്പെട്ടില്ലെങ്കിൽ സമഗ്രവികസനം യാഥാർത്ഥ്യമാകില്ല എന്നത് ബോർഡിന് ഉറപ്പുണ്ടായിരുന്നു. അതുകൊണ്ടാണ് ഉത്പന്നനിർമ്മാണമേഖലയുടെ വികസനത്തിനുവേണ്ടിയുള്ള ശ്രമങ്ങൾ തുടക്കം മുതലേ സജീവമായി തുടർന്നുവന്നത്. ഇന്ന് ‘മെയ്ക്ക് ഇൻ ഇന്ത്യ’ പദ്ധതി രാജ്യത്തിന്റെ പ്രധാന വികസന അജൻഡയായി മാറുമ്പോൾ പത്ത് മൂപ്പതു വർഷം മുമ്പുതന്നെ ചെറുകിട റബ്ബറുത്പന്നനിർമ്മാണമേഖലയുടെ പ്രാധാന്യവും മൂല്യവർദ്ധനയുടെ ആവശ്യകതയും ബോർഡ് തിരിച്ചറിഞ്ഞിരുന്നു എന്ന് കാണാൻ കഴിയും.

### പാഴാകാത്ത പരിശീലനങ്ങൾ

ഇന്ന് റബ്ബർകൃഷിമേഖലയിലായാലും റബ്ബറുത്പന്നനിർമ്മാണമേഖലയിലായാലും വിപണനമേഖലയിലായാലും ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്ക് പിന്നിൽ റബ്ബർബോർഡിന്റെ പരിശീലനങ്ങൾ നൽകിയ പരിചയവും പ്രചോദനവും വളരെ വലുതാണ്. രമേഷ് ഭട്ടിന്റെ അത്താജെ പോളിമേഴ്സ് എന്ന സ്ഥാപനം ഉണ്ടായതും പ്രവർത്തിച്ചുവരുന്നതും ബോർഡ് നൽകിയ പരിശീലനത്തിന്റെ പിൻബലത്തിലാണ്. വെറുതെ പരിശീലനങ്ങൾ സംഘടിപ്പിക്കുക മാത്രമല്ല, ഓരോ ആവശ്യഘട്ടങ്ങളിലും നേരിട്ടെത്തി പ്രശ്നങ്ങൾ പരിഹരിക്കാനും തുടർസേവനങ്ങൾ നൽകാനും കഴിഞ്ഞു എന്നതാണ് ഏറെ ശ്രദ്ധേയം. റബ്ബർബോർഡിന്റെ മാനവശേഷി വികസനശ്രമങ്ങൾ എത്രമാത്രം ബൃഹത്താണെന്നതിന്റെ അടയാളങ്ങളാണ് റബ്ബർകൃഷിയിലും അനുബന്ധമേഖലകളിലും ഉള്ളവർ നേടിയിരിക്കുന്ന സാമൂഹിക-സാമ്പത്തിക നേട്ടങ്ങളിൽ ഏറിയ പങ്കും.

രമേഷിനെപ്പോലെ എത്രയോ പേർ പരിശീലനങ്ങൾ നൽകിയ ആത്മവിശ്വാസത്തിൽ ജീവിതമാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടാകും. അത് കൃഷിയോ തൊഴിലോ വ്യവസായമോ വിപണനമോ അങ്ങനെ ഏതുമാകാം. പക്ഷേ, അത് നമ്മുടെ റബ്ബർമേഖലയെ എത്രമാത്രം പരിപോഷിപ്പിച്ചു എന്നതും ഇന്നത്തെ നിലയിലേക്ക് ഉയർത്തി എന്നതുമാണ് പ്ലാറ്റിനം ജൂബിലിയുടെ ആഘോഷങ്ങളോടൊപ്പം സ്മരിക്കപ്പെടേണ്ടത്. •



ഡോ. അമ്പിളി കെ.കെ.
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

# റബ്ബറിന് വളങ്ങൾ ആവശ്യത്തിന് മാത്രം

**ടാപ്പുചെയ്യുന്ന തോട്ടങ്ങളിലെ മണ്ണിന് സ്വാഭാവികമായി നല്ല വളക്കൂറുണ്ടെങ്കിൽ അമിതമായി വളപ്രയോഗം നടത്തേണ്ടതില്ല. എന്നാൽ, ഫലപുഷ്ടി കുറഞ്ഞതും മണ്ണാഴം കുറവുള്ളതുമായ പ്രദേശങ്ങളിൽ ആവശ്യത്തിന് വളം ഇടേണ്ടതാണ്. ശാസ്ത്രീയമായ വളപ്രയോഗത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ലേഖനത്തിൽ വിവരിച്ചിരിക്കുന്നു.**

റബ്ബർതോട്ടങ്ങളിൽ വളമിടാനുള്ള സമയമാകുന്നു. ഉത്പാദനം കൂടുന്നതിനും മണ്ണിനെ സംരക്ഷിക്കുന്നതിനും അധികവളപ്രയോഗത്തിന്റെ വിപരീതഫലം കുറയ്ക്കുന്നതിനും ശാസ്ത്രീയവളപ്രയോഗം ആവശ്യമാണ്. വളപ്രയോഗത്തിന്റെ ചെലവ് കുറയ്ക്കുന്നതിനും അത് സഹായിക്കും. വിവിധ വളർച്ചാകാലഘട്ടങ്ങളുള്ള (അതായത് അപക്വകാലഘട്ടം, പക്വകാലഘട്ടം അല്ലെങ്കിൽ വിളവെടുപ്പുഘട്ടം) ഒരു വൃക്ഷമാണ് റബ്ബർ.

ആവശ്യമായ വളം മാത്രം ചേർത്താൽ മണ്ണിലെ പോഷകമൂലകങ്ങളുടെ സന്തുലിതാവസ്ഥ നിലനിർത്തി മണ്ണിനെയും ചെടിയെയും ആരോഗ്യത്തോടെ സംരക്ഷിക്കാൻ സാധിക്കും. അതിലുപരിയായി അധികവളപ്രയോഗം ചെടികളുടെ വളർച്ചയ്ക്കും ഉത്പാദനത്തിനും ദോഷകരമാകുന്നത് തടയാനും കഴിയും. കൂടാതെ, വളം വാങ്ങുന്നതിനുള്ള ചെലവ്, കൂലിച്ചെലവ് എന്നിവ കുറയ്ക്കുന്നതിനും ഇത് ഉപകരിക്കും.

റബ്ബർ ഒരു ദീർഘകാലവിളയാണ്. 25-30 വർഷത്തോളം ആദായമെടുക്കാവുന്ന ഒരു വിളയാണിത്. നടീലിനുശേഷം ആദ്യത്തെ ഏഴ് വർഷങ്ങളിൽ റബ്ബറിന്റെ വളർച്ചാനിരക്ക് കൂടുതലായിരിക്കും. അതായത് 25-30 വർഷം പ്രായമുള്ള ഒരു റബ്ബർമരത്തിന് ഏകദേശം

100-120 സെ.മീ. (40-50 ഇഞ്ച്) വണ്ണം കാണുമെങ്കിൽ അതിന്റെ പകുതിയോളം (50 സെ.മീ./20 ഇഞ്ച്) വണ്ണമെത്തേണ്ടത് ആദ്യത്തെ ഏഴുവർഷം കൊണ്ടാണ്. എങ്കിൽമാത്രമേ ഏഴാംവർഷം ടാപ്പിങ് ആരംഭിക്കാൻ സാധിക്കൂ. വിവിധ പ്രദേശങ്ങൾക്കനുസരിച്ച് ഇതിൽ ചെറിയ മാറ്റങ്ങൾ വരാം. ആദ്യവർഷങ്ങളിൽ വളർച്ചാനിരക്ക് വളരെ കൂടുതലായതുകൊണ്ട് ഈ സമയത്ത് റബ്ബറിനെ നന്നായി പരിപാലിക്കേണ്ടതിന്റെ ആവശ്യകതയാണ് ഇത് വ്യക്തമാക്കുന്നത്. ഈ സമയത്ത് എല്ലാവിധ പരിപാലനമുറകളും ശാസ്ത്രീയമായി ചെയ്ത് സംരക്ഷിക്കേണ്ടതുണ്ട്. ഇതിൽ വളപ്രയോഗത്തിന് വളരെ വലിയ പങ്കാണുള്ളത്. ചെറുതൈകൾക്ക് കൃത്യമായ വളപ്രയോഗം നടത്തുന്നത് തൈകൾ നന്നായി വളരുന്നതിന് സഹായിക്കുന്നു എന്നാണ് ഗവേഷണ ഫലങ്ങൾ കാണിക്കുന്നത്.

വലിയ മരങ്ങൾക്കും (ടാപ്പുചെയ്യുന്ന മരങ്ങൾ) ശ്രദ്ധാപൂർവ്വമായ പരിചരണം ആവശ്യമാണ്. സ്വാഭാവികമായി നല്ല വളക്കൂറുള്ള മണ്ണിൽ അമിതമായി വളപ്രയോഗം നടത്തേണ്ടതില്ല. എന്നാൽ, ഫലപുഷ്ടി കുറഞ്ഞതും മണ്ണാഴം കുറവുള്ളതുമായ പ്രദേശങ്ങളിൽ ആവശ്യത്തിന് വളമിടേണ്ടതാണ്. ഇതിനായി തോട്ടത്തിലെ മണ്ണിന്റെ വളക്കൂറിനെക്കുറിച്ച് അറിഞ്ഞിരിക്കണം. മണ്ണും ഇലയും പരിശോധിക്കുന്നതിൽകൂടി ഇത് മനസ്സിലാക്കാവുന്നതാണ്. കൂടാതെ റബ്സിസ് (RubSIS) എന്ന ഓൺലൈൻ വളപ്രയോഗശുപാർശാ സംവിധാനവും പ്രയോജനപ്പെടുത്താം. 50 ഹെക്ടറിന് ഒരു സാമ്പിൾ എന്ന തോതിൽ മണ്ണെടുത്ത് പരിശോധിച്ച് അത്യന്താപേക്ഷിതങ്ങളായ 13 മൂലകങ്ങൾ ഓരോന്നും ഏതൊക്കെ അളവിൽ ഉണ്ടെന്ന് തിട്ടപ്പെടുത്തി വളപ്രയോഗശുപാർശ തയ്യാറാക്കിയിട്ടുള്ള ഈ സംവിധാനം വഴി തോട്ടം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ ഫലപുഷ്ടി സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കാവുന്നതാണ്. റബ്ബർ കൃഷിചെയ്തിരിക്കുന്ന സ്ഥലം, മരങ്ങളുടെ പ്രായം, തോട്ടത്തിന്റെ വിസ്തൃതി എന്നിവ കണക്കിലെടുത്ത് വ്യത്യസ്ത മാർഗ്ഗനിർദ്ദേശങ്ങളോടുകൂടിയുള്ള ശുപാർശകൾ ഇതിൽ ലഭ്യമാണ്.

റബ്ബർതൈകൾക്ക് രണ്ടു പ്രധാന വളർച്ചാകാലഘട്ടങ്ങളാണുള്ളത്. ഒന്നു മുതൽ നാല് വരെയുള്ള വർഷങ്ങൾ അപക്വകാലഘട്ടം (immature phase) എന്നും അഞ്ചാം വർഷം മുതൽ വിളവെടുപ്പ്/ടാപ്പിങ് കാലഘട്ടം ഉൾപ്പടെയുള്ള ഘട്ടത്തെ പക്വകാലം (mature phase) എന്നും വിളിക്കാം. ഈ രണ്ടു ഘട്ടങ്ങളിലും വ്യത്യസ്ത വളപ്രയോഗശുപാർശകളാണ് ശാസ്ത്രീയമായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

### റബ്ബറിന്റെ വളപ്രയോഗശുപാർശകൾ

റബ്ബറിന് വളപ്രയോഗശുപാർശ നൽകിവരുന്നത് മൂന്നുരീതികളിലാണ്.

1. പൊതുവായ വളപ്രയോഗശുപാർശ (General Fertilizer Recomendation GFR)
2. വിവേചനാപൂർവ്വകമായ വളപ്രയോഗശുപാർശ (Discriminatory Fertilizer Recomendation DFR)
3. റബ്സിസ് (RubSIS) ഓൺലൈൻ വളപ്രയോഗശുപാർശ (Rubber Soil Information System)

### 1. പൊതുവായ വളപ്രയോഗശുപാർശ (GFR)

പൊതുവായ വളപ്രയോഗശുപാർശയിൽ വളരെ പൊതുവായി അതായത് മണ്ണിന്റെയോ ഇലകളുടെയോ പോഷകസ്ഥിതി ഒന്നും കണക്കിലെടുക്കാതെയുള്ള ശുപാർശയാണ് നൽകുന്നത്. റബ്ബർ കൃഷിചെയ്യുന്ന മേഖലകളിലെ മണ്ണിന്റെ പൊതുവായ ഫലപുഷ്ടി വിലയിരുത്തി മറ്റു ഘടകങ്ങളൊന്നും കണക്കിലെടുക്കാതെ എല്ലാ പ്രദേശങ്ങളിലേക്കും ഒരുപോലെ ഒരു കണക്കു നിശ്ചയിച്ച് വളർച്ചാഘട്ടങ്ങൾക്കനുസരിച്ച് വളത്തിന്റെ അളവ് ശുപാർശ ചെയ്യുന്നു. ഇങ്ങനെ ചെയ്യുമ്പോൾ പ്രസ്തുത അളവ് ചിലപ്പോൾ നമ്മുടെ തോട്ടത്തിൽ വേണ്ടതിൽ കൂടുതലോ കുറവോ ആയിരിക്കാം. ഇത് ചിലപ്പോൾ വളത്തിന് വേണ്ടിവരുന്ന ചെലവും കൂലിച്ചെലവും കൂടുന്നതിന് കാരണമായേക്കാം. എന്നാൽ, മണ്ണും ഇലയും പരിശോധിക്കാൻ സാധിക്കാത്ത സമയത്ത് നമുക്ക് ഈ ശുപാർശ അനുവർത്തിക്കാവുന്നതാണ്.

### പൊതുശുപാർശ താഴെപറയുന്ന പ്രകാരമാണ്

**1. പൊതുശുപാർശ (ഒന്നു മുതൽ നാല് വരെ വർഷം പ്രായമുള്ള തൈമരങ്ങൾക്ക് ഒരു ചെടിക്ക് ഗ്രാം കണക്കിൽ)**

| മരങ്ങളുടെ പ്രായം | നേർവളങ്ങൾ തൈയൊന്നിന് (ഗ്രാം കണക്കിൽ) | | | | റബ്ബർ മിക്ചർ ഗ്രാമിൽ തൈയൊന്നിന് 10-10-4-1.5 |
|---|---|---|---|---|---|
| | യൂറിയ | റോക്ക് ഫോസ്ഫേറ്റ് | പൊട്ടാഷ് | മഗ്നീഷ്യം | |
| ഒന്നാം വർഷം | 100 | 250 | 30 | 40 | 450 |
| രണ്ടാം വർഷവും നാലാം വർഷവും | 200 | 500 | 60 | 80 | 900 |
| മൂന്നാം വർഷം | 240 | 600 | 80 | 100 | 1110 |

ഒന്നാംവർഷം - സെപ്റ്റംബർ / ഒക്ടോബർ മാസത്തിൽ വളം ചേർക്കണം.

രണ്ടാംവർഷം മുതൽ തന്നിരിക്കുന്ന അളവ് രണ്ട് തുല്യ തവണകളായി ഏപ്രിൽ/മെയ് മാസത്തിലും സെപ്റ്റംബർ/ഒക്ടോബർ മാസത്തിലും ചേർക്കണം.

സിങ്ക്, ബോറോൺ എന്നീ സൂക്ഷ്മമൂലകങ്ങളും കുമ്മായവും ചേർക്കുന്നതിനായി ശുപാർശകൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

സിങ്ക്, ബോറോൺ വളങ്ങൾ ആവശ്യമുണ്ടെങ്കിൽ ശുപാർശ ചെയ്തിരിക്കുന്ന അളവിൽ മാത്രം ചേർക്കുക.

സിങ്കിന്റെ അംശം കുറവുള്ള മണ്ണിൽ ഒരു തൈയ്ക്ക് സിങ്ക് സൾഫേറ്റ് 50 ഗ്രാം എന്ന കണക്കിൽ നാലുവർഷത്തിനുള്ളിൽ ഒരിക്കൽമാത്രം ചേർത്തുകൊടുത്താൽ മതി. വളരെ ചെരിഞ്ഞ ഭൂമിയാണെങ്കിൽ രണ്ടുവർഷത്തിനുശേഷം ഒരു തൈക്ക് 25 ഗ്രാം കൂടി ചേർത്തുകൊടുക്കാവുന്നതാണ്.

ബോറോൺ കുറവുള്ള സ്ഥലങ്ങളിൽ ബോറാക്സ് ഒരു തൈയ്ക്ക് 20 ഗ്രാം എന്ന കണക്കിൽ നാലു വർഷത്തിലൊരിക്കൽ ചേർത്തുകൊടുക്കാവുന്നതാണ്.

ഈ സൂക്ഷ്മമൂലകങ്ങൾ പിന്നീട് ചേർക്കുന്നതിന് മുൻപ് തീർച്ചയായും മണ്ണുപരിശോധിക്കേണ്ടതുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആവശ്യമെങ്കിൽ മാത്രമേ വീണ്ടും ചേർക്കാൻ പാടുള്ളൂ.

### റബ്ബറിന് കുമ്മായം ചേർക്കൽ

എല്ലാ തോട്ടങ്ങളിലും കുമ്മായം ചേർക്കേണ്ട ആവശ്യമില്ല. മണ്ണുപരിശോധനയിൽ മണ്ണിന്റെ pH മൂല്യം അഞ്ചിൽതാഴെയും മണ്ണിലെ കാൽസ്യത്തിന്റെ അളവ് 100 മി.ഗ്രാം / കിലോഗ്രാമിൽ താഴെയും ആണെങ്കിൽ മാത്രം കുമ്മായം ചേർത്താൽ മതി.

### കുമ്മായത്തിന്റെ അളവ്

തൈ നടുന്നതിന് മുൻപ് ലൈം അഥവാ പൊടിച്ച നീറ്റുകക്ക 250 ഗ്രാം അല്ലെങ്കിൽ ഡോളോമൈറ്റ് 500 ഗ്രാം തൈ നടുന്ന കുഴിയിൽ നടുന്നതിന് രണ്ടു മൂന്ന് ആഴ്ചയ്ക്കുമുമ്പ് ചേർക്കാവുന്നതാണ്. ഇത് മണ്ണുമായി നന്നായി കൂട്ടിക്കലർത്തണം. ഒന്നു രണ്ട് മഴ ലഭിച്ചതിനുശേഷം മാത്രം തൈ നടാവുന്നതാണ്.

### പൊതുശുപാർശ - അഞ്ചാം വർഷം മുതലും ടാപ്പുചെയ്യുന്ന മരങ്ങൾക്കും

അഞ്ചാംവർഷം മുതലും ടാപ്പുചെയ്യുന്ന മരങ്ങൾക്കും ചേർക്കുന്ന പ്രധാന വളങ്ങൾ നൈട്രജൻ (N), ഫോസ്ഫറസ് (P), പൊട്ടാഷ് (K) എന്നിവയാണ്. നൈട്രജൻ ലഭിക്കുന്നതിനായി യൂറിയയും ഫോസ്ഫറസിനായി റോക്ക് ഫോസ്ഫേറ്റും പൊട്ടാഷിനായി പൊട്ടാസ്യം ക്ലോറൈഡും ചേർത്തുകൊടുക്കേണ്ടതാണ്. പുതുക്കിയ ശുപാർശ പ്രകാരം ഇവ 30-20-30 എന്ന അനുപാതത്തിലാണ് ചേർക്കേണ്ടത്.

| മരങ്ങളുടെ പ്രായം | നേർവളങ്ങൾ (കി.ഗ്രാം/ഹെക്ടർ അഥവാ 400 മരങ്ങൾക്ക്) | | |
|---|---|---|---|
| | യൂറിയ | റോക്ക് ഫോസ്ഫേറ്റ് | പൊട്ടാഷ് |
| അഞ്ചാംവർഷം മുതലും ടാപ്പുചെയ്യുന്ന മരങ്ങൾക്കും | 65 | 110 | 50 |

മേൽപറഞ്ഞ വളം ഏപ്രിൽ/മെയ് മാസത്തിലും സെപ്റ്റംബർ/ഒക്ടോബർ മാസത്തിലും രണ്ടു തുല്യതവണകളായി ചേർക്കാവുന്നതാണ്.

തൈമരങ്ങളിലേതുപോലെ തന്നെ വലിയ മരങ്ങൾക്കും മണ്ണിലെ കുറവിനനുസരിച്ച് സൂക്ഷ്മമൂലകങ്ങളായ സിങ്ക്, ബോറോൺ എന്നിവയും കുമ്മായവും ചേർത്തുകൊടുക്കാം.

### സിങ്ക്

അഞ്ചാംവർഷം മുതലും ടാപ്പുചെയ്യുന്ന മരങ്ങൾക്കും സിങ്ക് സൾഫേറ്റ് ഒരു ഹെക്ടറിന് 25 കി.ഗ്രാം എന്ന കണക്കിൽ പ്രധാനവളങ്ങൾ ചേർത്ത് രണ്ടാഴ്ചയ്ക്കുശേഷം ചേർക്കാവുന്നതാണ്. ഇത് അഞ്ച് വർഷത്തിൽ കൂടുതൽ പ്രായമുള്ള മരങ്ങൾക്ക് ഒരിക്കൽ മാത്രമേ ചേർക്കാവൂ.

### ബോറോൺ

അഞ്ചാംവർഷം മുതലും ടാപ്പുചെയ്യുന്ന മരങ്ങൾക്കും ബോറാക്സ് ഒരു ഹെക്ടറിന് 10 കി.ഗ്രാം എന്ന കണക്കിൽ പ്രധാന വളങ്ങൾ ചേർത്ത് രണ്ടാഴ്ചയ്ക്കുശേഷം ചേർക്കാവുന്നതാണ്. ബോറോണും അഞ്ച് വർഷത്തിൽ കൂടുതൽ പ്രായമുള്ള മരങ്ങൾക്ക് ഒരിക്കൽ മാത്രമേ ചേർക്കാവൂ.

### കുമ്മായത്തിന്റെ അളവ്

അഞ്ചാംവർഷം മുതലും ടാപ്പുചെയ്യുന്ന മരങ്ങൾക്കും ലൈം അഥവാ പൊടിച്ച നീറ്റുകക്ക മരം ഒന്നിന് ഒന്നു മുതൽ ഒന്നര വരെ കി.ഗ്രാം മൂന്നുവർഷത്തിൽ ഒരിക്കൽ എന്ന തോതിൽ ചേർക്കാവുന്നതാണ്. ഇത് പ്രധാനവളങ്ങൾ ചേർക്കുന്നതിന് രണ്ടാഴ്ചമുൻപ് ചേർക്കണം. ഇതിനുശേഷം മഴ ലഭിച്ചുകഴിയുമ്പോൾ മാത്രമേ പ്രധാന വളങ്ങൾ ചേർക്കാവൂ.

ഒരു മീറ്ററിലധികം ആഴമുള്ളതും ജൈവാംശം വളരെ കൂടുതലുള്ളതുമായ മണ്ണുള്ള തോട്ടങ്ങളിൽ മൂന്നു വർഷത്തേക്ക് വളം ഇടാതെയിരിക്കാം. എന്നാൽ, മൂന്നു വർഷത്തിനുശേഷം തീർച്ചയായും മണ്ണ് പരിശോധിക്കണം. പരിശോധനാഫലത്തിൽ പോഷകമൂലകങ്ങൾ കുറവായി കാണുകയാണെങ്കിൽ ആവശ്യമായ വളങ്ങൾ ചേർത്തുകൊടുക്കേണ്ടതുണ്ട്.




### 2. വിവേചനാപൂർവ്വകമായ വളപ്രയോഗം (DFR)

മണ്ണും ഇലയും പരിശോധിച്ചശേഷം വളം ചെയ്യുന്ന രീതിയാണിത്. മണ്ണറിഞ്ഞും അതുപോലെ ചെടികൾക്ക് ആവശ്യമായ പോഷകങ്ങളുടെ ആവശ്യകത അറിഞ്ഞും അതിനനുസരിച്ച് ആവശ്യമായ വളം ആവശ്യമായ അളവിൽ മാത്രം ലഭ്യമാക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. മണ്ണും ഇലയും പരിശോധിക്കുന്നതിലൂടെ തോട്ടത്തിലെ പോഷകസ്ഥിതി കൃത്യമായി അറിയാൻ സാധിക്കുന്നു. കൂടാതെ തോട്ടത്തിലെ മറ്റ് ഘടകങ്ങൾ, മണ്ണിലെയും ചെടിയിലെയും പോഷകമൂലകങ്ങൾ തമ്മിലുള്ള താരതമ്യം, ഉത്പാദനം, രോഗവിവരങ്ങൾ എന്നിവയെല്ലാം ഇതിൽ കണക്കിലെടുക്കുന്നു.

### 3. റബ്സിസ് (RubSIS - റബ്ബർ സോയിൽ ഇൻഫർമേഷൻ സിസ്റ്റം)

ഉപഗ്രഹസംവിധാനം (satelite based remote sensing technology) വഴി റബ്ബർതോട്ടങ്ങളുടെ ഡിജിറ്റൽ മാപ്പിങ് (digital mapping) നടത്തുകയും റബ്ബർ വളരുന്ന സ്ഥലങ്ങളിൽ 50 ഹെക്ടറിന് ഒരു സാമ്പിൾ എന്ന കണക്കിൽ മണ്ണുസാമ്പിളുകൾ ശേഖരിക്കുകയും ചെയ്യുന്നു. ചെടിക്ക് അത്യന്താപേക്ഷിതമായ മൂലകങ്ങൾ ഈ സാമ്പിളുകളിൽ എത്രമാത്രം അടങ്ങിയിരിക്കുന്നു എന്നത് പരിശോധനാഫലത്തിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തുകയും അതിനെ ആസ്പദമാക്കി മാപ്പുകൾ തയ്യാറാക്കി വളപ്രയോഗശുപാർശ ഓൺലൈനായി തയ്യാറാക്കുകയും ചെയ്തിരിക്കുന്നു. റബ്സിസ് ലഭിക്കുന്നതിനുള്ള റബ്ബർബോർഡ് വെബ്സൈറ്റ് താഴെ പറയുന്നതാണ്.

www.rubberboard.gov.in

ഗൂഗിളിൽക്കൂടി റബ്സിസ് ലഭ്യമാകുന്നത്

rubsis.rubberboard.org.in

റബ്സിസിനായി ഒരു മൊബൈൽ ആപ്പും ലഭ്യമാണ്. •



ഡോ. വിനോദ് തോമസ്
ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

റബ്ബർചരിത്രം 19

# ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രം

1900-കളിൽ ബ്രിട്ടൺ, ഫ്രഞ്ച്, ഡച്ച് കൊളോണിയൽ ശക്തികൾ ഇന്ത്യയുൾപ്പെടെയുള്ള പൂർവ്വേഷ്യൻ രാജ്യങ്ങളിൽ റബ്ബർകൃഷി ആരംഭിക്കുകയും ഒപ്പംതന്നെ ഗുണമേന്മയുള്ള മുന്തിയ ഇനം നടീൽവസ്തുക്കളുടെ ഉത്പാദനം, ടാപ്പിങ്, കറസംസ്ക്കരണം എന്നീ നിർണായകമേഖലകളിൽ ഗവേഷണങ്ങളും ആരംഭിക്കുകയും ചെയ്തു. മലേഷ്യയിലെ പ്രാങ് ബസാറിൽ നിന്നും പുറത്തുവന്ന ഗവേഷണഫലങ്ങൾ ലോകത്താകമാനമുള്ള റബ്ബർകൃഷിയുടെ മുഖമുദ്ര തന്നെ മാറ്റിമറിച്ചു. മറ്റു പൂർവ്വേഷ്യൻ രാജ്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞുവന്നുകൊണ്ടിരുന്ന ഗവേഷണഫലങ്ങളെ പരമാവധി ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള റബ്ബർകൃഷിയാണ് ബ്രിട്ടീഷ്കാലഘട്ടത്തിൽ ഇന്ത്യയിൽ അരങ്ങേറിയത്.

സിലോൺ, മലേഷ്യ എന്നിവിടങ്ങളിൽ യഥാക്രമം 1926, 1927 എന്നീ വർഷങ്ങളിൽ ഗവേഷണസ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിനും പതിറ്റാണ്ടുകൾ മുമ്പുതന്നെ റബ്ബർഗവേഷണം ആരംഭിച്ചിരുന്നു. ഇന്ത്യയിലാകട്ടെ ഉപാസിയുടെ കീഴിൽ ഒരു മൈക്കോളജി സെന്റർ 1903-ൽ മുണ്ടക്കയത്ത് ആരംഭിക്കുകയും തുടർന്നുള്ള വർഷങ്ങളിൽ അതിന്റെ പ്രാദേശികസ്റ്റേഷനുകൾ മൂപ്ലി,



തെന്മല എന്നിവിടങ്ങളിൽ സ്ഥാപിതമാകുകയും ചെയ്തു. റബ്ബർഗവേഷണത്തിനാകട്ടെ ആകെയുണ്ടായിരുന്നത് ഒരേയൊരു ഗവേഷകനും. ഉപാസിയുടെ നേതൃത്വത്തിൽ രണ്ടു പതിറ്റാണ്ടുകാലം അരങ്ങേറിയ റബ്ബർഗവേഷണത്തെക്കുറിച്ച് മുൻപ് പ്രതിപാദിച്ചിരുന്നല്ലോ. 1920-കളിലെ ലോക സാമ്പത്തികമാന്ദ്യം മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ റബ്ബർകർഷകർക്ക് ശരണമായിരുന്ന ഈ സേവനകേന്ദ്രങ്ങളെ ഇല്ലാതെയാക്കി. പിന്നീട്, രണ്ടാംലോകമഹായുദ്ധകാലത്തും തുടർന്നും ഡെറാഡൂണിലെ വനഗവേഷണകേന്ദ്രം മാത്രമാണ് റബ്ബർമേഖലയ്ക്ക് പരിമിതമായ ഗവേഷണപിന്തുണ നൽകാൻ ഉണ്ടായിരുന്നത്.

റബ്ബർകൃഷിയുടെയും വ്യവസായത്തിന്റെയും സമഗ്രപുരോഗതിക്കുതകുന്ന ശാസ്ത്രസാങ്കേതിക സാമ്പത്തികഗവേഷണപദ്ധതികൾ ഏറ്റെടുക്കുകയും സഹായിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നത് ബോർഡിന്റെ മുഖ്യചുമതലയായി. 1947-ൽ പാർലമെന്റ് പാസ്സാക്കിയ റബ്ബർആക്ടിൽതന്നെ ഇത് നിർവ്വചിച്ചിരുന്നു. ഗവേഷണത്തിന്റെ അനന്തസാദ്ധ്യതകളെ തിരിച്ചറിഞ്ഞ റബ്ബർബോർഡ് 1949-ൽ നടന്ന ആറാമത് യോഗത്തിൽ സ്വന്തമായൊരു ഗവേഷണകേന്ദ്രം, അതും റബ്ബർകൃഷി ഏറെ മുന്നേറിയ തിരുവിതാംകൂർ-കൊച്ചി ഭാഗത്ത് വേണമെന്നുള്ള തീരുമാനമെടുത്തു. റബ്ബർ പ്രൊഡക്ഷൻ കമ്മീഷണറായിരുന്ന കെ.എൻ. കൈമളിനെ ഗവേഷണപ്രവർത്തനങ്ങൾക്കുള്ള രൂപരേഖ തയ്യാറാക്കാൻ ചുമതലപ്പെടുത്തുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശപ്രകാരം ഇന്ത്യൻ താരിഫ് ബോർഡും ഇന്ത്യൻ കാർഷികഗവേഷണകൗൺസിലും ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിന്റെ രൂപീകരണത്തിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചു. ഒടുവിൽ കെ.എൻ. കൈമൾ തയ്യാറാക്കിയ 10 ലക്ഷം രൂപ അടങ്കൽതുക വരുന്ന പദ്ധതിക്ക് 1954 മാർച്ച് 27-ന് റബ്ബർബോർഡും അതേവർഷം ഡിസംബറോടെ കേന്ദ്രസർക്കാരും അംഗീകാരം നൽകി. റബ്ബർഗവേഷണകേന്ദ്രവും അതിനോടനുബന്ധമായി പരീക്ഷണത്തോട്ടവും വേണമെന്നുള്ള കാഴ്ചപ്പാട് 1954 ജൂണിൽ ഇന്ത്യാ ഗവണ്മെന്റ് അംഗീകരിച്ചു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഒരു റിസർച്ച് അസിസ്റ്റന്റ്, ചെറിയൊരു പരീക്ഷണത്തോട്ടം തുടങ്ങിയ അനുബന്ധസംവിധാനങ്ങളോടെയാണ് 1955-ൽ കോട്ടയത്ത് ഒരു വാടകക്കെട്ടിടത്തിൽ ഗവേഷണകേന്ദ്രം സ്ഥാപിതമാകുന്നത്. മണ്ണിന്റെ നൈസർഗിക സ്വഭാവമനുസരിച്ച് തരംതിരിക്കുക, നടീലിനുവേണ്ടി നിലമൊരുക്കുക, മണ്ണിന്റെ ഫലപുഷ്ടി നിലനിർത്തുക തുടങ്ങിയവയായിരുന്നു പ്രഥമ ദൗത്യങ്ങൾ. അങ്ങനെ കോട്ടയത്ത് അഞ്ചേരി ബിൽഡിങ്സ് എന്ന വാടകക്കെട്ടിടത്തിൽ പ്രവത്തിച്ചിരുന്ന റബ്ബർബോർഡിന്റെ ഓഫീസിനൊപ്പം 1955-ൽ റബ്ബർഗവേഷണകേന്ദ്രവും താൽകാലികമായി പ്രവർത്തനമാരംഭിച്ചു. ഗവേഷണകേന്ദ്രത്തിന്റെ താൽകാലിക ഡയറക്ടറുടെ അധികചുമതല കെ.എൻ. കൈമളിന് നൽകി.

അഗ്രോണമി, ബോട്ടണി, പതോളജി, കെമിസ്ട്രി എന്നിങ്ങനെ നാലു ഡിവിഷനുകളുമായിട്ടാണ് തുടക്കം. കോയമ്പത്തൂർ സർവ്വകലാശാലയിലെ മൈക്കോളജിസ്റ്റായിരുന്ന ടി.എസ്. രാമകൃഷ്ണൻ പതോളജിസ്റ്റായും പൂനയിലെ നാഷണൽ കെമിക്കൽ ലബോറട്ടറിയിലെ സീനിയർ സയന്റിഫിക് ഓഫീസർ ഡോ. സി.കെ.എൻ. നായർ അഗ്രോണമിസ്റ്റായും 1955-ൽ നിയമിതരായി. മലേഷ്യയിൽ സ്വകാര്യ റബ്ബർകമ്പനിയിൽ ഉദ്യോഗസ്ഥനായിരുന്ന കെ.എം. ജോസഫിന് ബോട്ടണി വിഭാഗത്തിന്റെ ചുമതലകൾ നൽകി.

ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിനും അനുബന്ധപരീക്ഷണത്തോട്ടത്തിനുമായി സ്ഥലം വാങ്ങാനുള്ള കേന്ദ്രഅനുമതി ലഭിച്ചു. ഇതിലേക്കായി പ്രശസ്ത സാഹിത്യകാരനായിരുന്ന ഇസഡ്.എം. പാറേട്ടിന്റെ വക 77 ഏക്കർ സ്ഥലം റബ്ബർബോർഡിനു വേണ്ടി സംസ്ഥാന സർക്കാർ വിലയ്ക്കു വാങ്ങി. 1960 ഓഗസ്റ്റ് 25-ന് കെ.എൻ. കൈമൾ നിര്യാതനായത് ഗവഷണത്തിനും വികസന പ്രവർത്തനങ്ങൾക്കും താൽക്കാലിക പ്രതിബന്ധം സൃഷ്ടിച്ചു. അഗ്രോണമിസ്റ്റായിരുന്ന ഡോ. സി.കെ.എൻ. നായർ പിന്നീട് വെള്ളായണി കാർഷിക കോളജിൽ അദ്ധ്യാപകനാകുകയും ചെയ്തു. താരിഫ് കമ്മീഷന്റെ മുൻ സെക്രട്ടറി ഡോ. കെ.റ്റി. രാമവർമ്മ 1961-ൽ റബ്ബർബോർഡ് ചെയർമാനായി നിയമിതനാകുകയും റബ്ബർബോർഡിന്റെ പ്രവർത്തനങ്ങൾക്ക് പ്രത്യേക ശ്രദ്ധ നൽകുകയും ചെയ്തു. കെട്ടിടനിർമ്മാണം ആറുവർഷങ്ങൾ കൊണ്ട് പൂർത്തീകരിച്ച് 1962 ഡിസംബർ 10-ാം തീയതി ഗവേഷണകേന്ദ്രം പുതിയ കെട്ടിടത്തിലേയ്ക്ക് മാറി പ്രവർത്തനമാരംഭിച്ചു. *(തുടരും)*


## ‘റബ്ബർ ഗ്രോവേഴ്സ് ഗൈഡ് - 2023’ വിൽപനയ്ക്ക്




റബ്ബർകൃഷിപരിപാലനം, നടീലിനങ്ങൾ, വിവിധ റബ്ബറിനങ്ങളുടെ പ്രത്യേകതകൾ, വിളവെടുപ്പ്, സംസ്കരണം, വിപണനം തുടങ്ങി റബ്ബറിന്റെ എല്ലാ മേഖലകളെയും കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു പുസ്തകമാണ് ‘റബ്ബർ ഗ്രോവേഴ്സ് ഗൈഡ്’. റബ്ബർബോർഡിന്റെ വിവിധ പദ്ധതികൾ ബോർഡിന്റെ ഇന്ത്യയൊട്ടാകെയുള്ള ഓഫീസുകളുടെ വിലാസങ്ങൾ ബന്ധപ്പെടേണ്ട ഫോൺ നമ്പറുകൾ എന്നിവയെല്ലാം ഈ പുസ്തകത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

ഇംഗ്ലീഷിൽ തയ്യാറാക്കിയിരിക്കുന്ന ഈ പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പ് ഇപ്പോൾ വിൽപനയ്ക്ക് ലഭ്യമാണ്. ഒരു കോപ്പിയുടെ വില 200 രൂപ. ബന്ധപ്പെടേണ്ട ഫോൺ നമ്പർ 0481 2301231 (എക്സ്റ്റൻഷൻ നമ്പർ 346)



കപ്പുതൈകൾ കൃഷിയിടത്തിലേക്ക് മാറ്റിനടുന്നതിനുമുമ്പായി അവ കപ്പുകളിൽനിന്ന് വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് അതിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടിയാൽ വേരുപടലം ചുറ്റിയ ചകിരിച്ചോർ ഉടയാതെ തൈകൾ കപ്പിൽനിന്ന് വേർപെടുത്തിയെടുക്കാം. നേരത്തെ തയ്യാറാക്കി മൂടിയ കുഴിയുടെ ഒത്ത നടുവിൽ ഒഴിഞ്ഞ കപ്പുവച്ച് അമർത്തി രൂപപ്പെടുത്തുന്ന കുഴിയിലേക്ക് കപ്പിൽനിന്ന് വേർപെടുത്തിയ തൈകൾ ഇറക്കിവച്ച് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിച്ച് നടീൽ പൂർത്തിയാക്കാം. തൂമ്പ ഉപയോഗിച്ച് ഒരു ചെറിയ കുഴിയുണ്ടാക്കി അതിൽ കപ്പിൽ നിന്ന് വേർപെടുത്തിയ തൈ ഇറക്കിവെച്ചും കപ്പുതൈ നടാം.



# ജൂൺമാസത്തെ കൃഷിപ്പണികൾ

നിലമൊരുക്കൽ തീർന്നിട്ടില്ലെങ്കിൽ തുടരാവുന്നതാണ്. കുഴികൾ മൂടുന്ന അവസരത്തിൽ കുഴിയൊന്നിന് 12 കി.ഗ്രാം കമ്പോസ്റ്റോ അഴുകിപ്പൊടിഞ്ഞ ചാണകമോ 200 ഗ്രാം റോക്ക്ഫോസ്ഫേറ്റുമായി ചേർത്ത് അടിവളമായി നൽകാം. തെളിച്ചെടുത്ത വനപ്രദേശങ്ങളിലുള്ള പുതുമണ്ണിൽ റബ്ബർകൃഷി ചെയ്യുമ്പോൾ അടിസ്ഥാന വളമായി റോക്ക് ഫോസ്ഫേറ്റ് മാത്രം ചേർത്താൽ മതിയാകും.

കാലാവസ്ഥ അനുകൂലമാണെങ്കിൽ തൈ നടീൽ ആരംഭിക്കാം. ഒട്ടുതൈക്കുറ്റികളാണ് നടാൻ ഉപയോഗിക്കുന്നതെങ്കിൽ അവയുടെ പക്കവേരുകൾ, പ്രത്യേകിച്ച് ചെടിയുടെ കടയ്ക്ക് തൊട്ടുതാഴെയുള്ളവ, തായ്‌വേരിനോടു ചേർത്ത് ഒരിക്കലും മുറിക്കരുത്.

## പോളിത്തീൻ കൂടത്തൈകൾ

കൂടത്തൈകളാണ് നടാനുപയോഗിക്കുന്നതെങ്കിൽ അവയുടെ ഏറ്റവും മുകളിലത്തെ ഇലത്തട്ട് മൂപ്പെത്തിയിരിക്കണം. കാനകളിൽ വച്ചിരിക്കുന്ന കൂടത്തൈകൾ എടുത്തുമാറ്റുമ്പോൾ വേരുകൾ കൂട തുളച്ച് വെളിയിലേക്ക് വളർന്നിട്ടുണ്ടെങ്കിൽ അവ മുറിച്ചുകളയണം. മൂടിയിട്ടിരിക്കുന്ന കുഴിയുടെ നടുഭാഗത്തായി കൂടയെക്കാൾ കുറച്ചുകൂടി വലിപ്പമുള്ള ഒരു കുഴിയുണ്ടാക്കുക. കൂടയുടെ അടിവശത്തെ പോളിത്തീൻ മുറിച്ചുമാറ്റി കൂടത്തൈ കുഴിയിലേക്ക് സാവധാനം ഇറക്കിവച്ച്, തൈകളുടെ വേരുകൾക്ക് മുറിവുപറ്റാതെ പോളിത്തീൻ മുഴുവനായി മുറിച്ചു മാറ്റുക. പോളിത്തീൻ സാവധാനം വലിച്ചുമാറ്റുന്നതോടൊപ്പം തൈക്കു ചുറ്റും മണ്ണിട്ടുറപ്പിച്ചുകൊണ്ടിരിക്കണം. കുഴി ഏതാണ്ടു പകുതിയോളം മണ്ണിട്ട് ഉറപ്പിച്ചുകഴിഞ്ഞാൽ പോളിത്തീൻ പൂർണ്ണമായും വലിച്ചുമാറ്റാം. പിന്നീട് തൈക്കു ചുറ്റും മണ്ണിട്ടു നല്ലതുപോലെ ഉറപ്പിക്കണം.

## കപ്പുതൈകൾ

കപ്പുതൈകൾ കൃഷിയിടത്തിലേക്ക് മാറ്റിനടുന്നതിനുമുമ്പായി അവ കപ്പുകളിൽനിന്ന് വേർപെടുത്തണം. കപ്പ് തലകീഴായി പിടിച്ച് അതിന്റെ വരിപ്പ് ഒരു ഉയർന്ന പ്രതലത്തിൽ മൃദുവായി തട്ടിയാൽ വേരുപടലം ചുറ്റിയ ചകിരിച്ചോർ ഉടയാതെ തൈകൾ കപ്പിൽനിന്ന് വേർപെടുത്തിയെടുക്കാം. നേരത്തെ തയ്യാറാക്കി മൂടിയ കുഴിയുടെ ഒത്ത നടുവിൽ ഒഴിഞ്ഞ കപ്പുവച്ച് അമർത്തി രൂപപ്പെടുത്തുന്ന കുഴിയിലേക്ക് കപ്പിൽനിന്ന് വേർപെടുത്തിയ തൈകൾ ഇറക്കിവച്ച് ചുറ്റുമുള്ള മണ്ണ് നന്നായി ഉറപ്പിച്ച് നടീൽ പൂർത്തിയാക്കാം. തൂമ്പ ഉപയോഗിച്ച് ഒരു ചെറിയ കുഴിയുണ്ടാക്കി അതിൽ കപ്പിൽ നിന്ന് വേർപെടുത്തിയ തൈ ഇറക്കിവെച്ചും കപ്പുതൈ നടാം.

## സ്പ്രേയിങ്



കൂമ്പുചീയലിനെയും മറ്റ് ഇലരോഗങ്ങളെയും തടയുന്നതിന് തൈകളുടെ തളിരിലകളിലും കൂമ്പിലും ഒരു ശതമാനം വീര്യമുള്ള ബോർഡോമിശ്രം തളിക്കണം. നഴ്സറിത്തൈകളിൽ രോഗബാധ ആവർത്തിക്കാൻ സാധ്യതയുള്ളതിനാൽ ഇത് പലതവണ ചെയ്യേണ്ടിവരും. മിശ്രം തളിരിലകളിലും കൂമ്പിലും നന്നായി പറ്റിപ്പിടിപ്പിക്കുന്നതിന് ടീപ്പോൾ, ടെനാക്ക്, സാൻഡോവിറ്റ് ഇവയിലേതെങ്കിലും (100 ലിറ്ററിന് 50 മി. ലിറ്റർ എന്ന കണക്കിൽ) ചേർക്കുന്നത് നല്ലതാണ്.

## ആവരണവിള

റബ്ബർത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനോടൊപ്പംതന്നെ തോട്ടത്തിൽ ആവരണവിളയും നടുന്നത് നല്ലതാണ്. പടർന്നുവളരുന്ന പയറുവർഗ്ഗത്തിൽപ്പെട്ട ആവരണവിളകളാണ് കൂടുതൽ പ്രയോജനകരം *പ്യൂറേറിയ* എന്ന ഇനം തോട്ടപ്പയറാണ് തോട്ടങ്ങളിൽ കൂടുതലായും കൃഷിചെയ്യുന്നത്. തിളപ്പിച്ച വെള്ളത്തിലേക്ക് അത്രതന്നെ പച്ചവെള്ളം ചേർത്ത് അതിലേക്ക് പയർവിത്തിട്ട് 4-6 മണിക്കൂർ നേരം വയ്ക്കുക. വെള്ളം വാർന്നശേഷം ഒരു കിലോഗ്രാം വിത്തിന് ഒരു കിലോഗ്രാം റോക്ക്ഫോസ്ഫേറ്റ് എന്ന കണക്കിൽ ചേർത്ത് വിത്തുകൾ തടങ്ങളിൽ വിതയ്ക്കാം.

## കളയെടുപ്പ്

റബ്ബർച്ചെടികൾക്കിടയിൽ കളയെടുപ്പു നടത്തണം. നീക്കംചെയ്യുന്ന കളകൾ ഉണങ്ങിയശേഷം ചെടികളുടെ ചുവട്ടിൽ ചവറുവയ്ക്കാൻ ഉപയോഗിക്കാം.

## ടാപ്പിങ്

റെയിൻഗാർഡുചെയ്ത് ടാപ്പുചെയ്യുന്ന തോട്ടങ്ങളിൽ മരങ്ങളുടെ പട്ടചീയൽ തടയാൻ മാങ്കോസെബ് (75 ശതമാനം WP) എന്ന കുമിൾനാശിനി 5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ചേർത്തലായനി ഉപയോഗിച്ച് ആഴ്ചയിലൊരിക്കൽ വെട്ടുപട്ട കഴുകണം.

# കൊതുകുകളെ നിയന്ത്രിക്കുക; പകർച്ചപ്പനി തടയുക

മഴക്കാലത്ത് മാരകരോഗങ്ങൾ പരത്തുന്ന കൊതുകുകൾ പെരുകുക സാധാരണമാണ്. മരപ്പൊത്തുകളിലും ചെറിയ അടപ്പുകളിലും കെട്ടിക്കിടക്കുന്ന വെള്ളത്തിൽ പോലും കൊതുകുകൾ പെരുകാം. ശ്രദ്ധിച്ചില്ലെങ്കിൽ ചിരട്ടകളിലും റെയിൻഗാർഡുകളുടെ മടക്കുകളിലും പശയുടെ ടിന്നുകളിലും ഒക്കെ വെള്ളം കെട്ടിനിൽക്കാം. കൊതുകിന്റെ ഉപദ്രവം ഏറ്റവും കൂടുതൽ നേരിടേണ്ടിവരുന്നത് ടാപ്പിങ്തൊഴിലാളികളാണ്.



- കൊതുകുകൾ പരത്തുന്ന ചിക്കുൻ ഗുനിയയ്ക്കും ഡെങ്കിപ്പനിക്കുമെതിരെ ജാഗ്രത പുലർത്തുക.
- വീടും പരിസരവും വെള്ളം കെട്ടിക്കിടക്കാത്തവിധം വൃത്തിയായി സൂക്ഷിക്കുക.
- പറമ്പിൽ ഉപേക്ഷിച്ച ചിരട്ടകൾ, പ്ലാസ്റ്റിക്കുകൾ, പാത്രങ്ങൾ, ടിന്നുകൾ, ടയറുകൾ, ബാരലുകൾ തുടങ്ങിയവ നീക്കം ചെയ്യുക.
- ജലസംഭരണികൾ കൊതുകുകടക്കാത്തവിധം മൂടുക.
- റബ്ബർപാൽ എടുത്തശേഷം ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- ടാപ്പിങ് നിർത്തിവച്ച തോട്ടങ്ങളിലും ചിരട്ടകൾ കമിഴ്ത്തിവയ്ക്കുക.
- വെള്ളം കെട്ടിനിൽക്കാതെ റെയിൻഗാർഡ് ശരിയായി താഴ്ത്തിയിടുക.
- മഴവെള്ളം കെട്ടിനിൽക്കാനുള്ള സാഹചര്യങ്ങൾ റബ്ബർതോട്ടങ്ങളിൽ ഇല്ലെന്ന് ഉറപ്പുവരുത്തുക.
- വീട്ടിലെ പൂപ്പാത്രങ്ങളിലും പൂപ്പാത്രങ്ങൾ വയ്ക്കുന്ന പാത്രങ്ങളിലും വെള്ളം കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്തുക.

*പൊതുതാൽപര്യാർത്ഥം റബ്ബർബോർഡ് പ്രസിദ്ധീകരിക്കുന്നത്.*

# GOLDEN TOUCH®



**GOLDEN TOUCH®**

RUBBER SHEET FUNGICIDE (PNP)

**GOLDEN TOUCH®**

FORMIC ACID

റബ്ബർ ഷീറ്റുകളെ :

1. പൂപ്പലിൽ നിന്നും സംരക്ഷിക്കുന്നു.
2. സുവർണ്ണനിറം പകരുന്നു.
3. ഗുണമേന്മാ വർദ്ധനവിനെ സഹായിക്കുന്നു.

**GOLDEN TOUCH® - ALUMINIUM DISH**

**GOLDEN TOUCH® - FORMIC ACID 85%**

**Rubber Estates Inputs: Spout, Cup Hanger, Latex Collection Cup, Sieve etc..**

N.B.: Available at : Rubber Board Companies & Rubber Marketing Societies

*Packed & Marketed By*

Estd. 1991

*Geo Thomas & Co.*

IInd Floor Rubber Board Office Building
M.C. Road, Muvattupuzha - 686 661
Mob: 9847043098
e-mail: geothomasco@yahoo.com, Web: www.goldentouchpnp.com



# കോൾ സെന്ററിൽനിന്ന്...

റബ്ബർബോർഡ് കോൾസെന്റർ നടത്തിയ പ്രത്യേക ഫോൺ-ഇൻ പരിപാടികളിൽ 'പ്രാദേശികസാഹചര്യങ്ങൾക്ക് യോജിച്ച റബ്ബറിനങ്ങൾ' എന്ന വിഷയത്തിൽ ഇന്ത്യൻ റബ്ബർഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. റ്റി. മീനാകുമാരി, 'റബ്ബർമരങ്ങളിലെ റെയിൻഗാർഡിങ്' എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഡോ. കെ.എ. വിൻസെന്റ്, 'റബ്ബർ ബോർഡ്നഴ്സറികളിൽ നിന്നുള്ള നടീൽവസ്തുക്കളുടെ വിതരണം'എന്ന വിഷയത്തിൽ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ഇൻ-ചാർജ് ആൻസമ്മ ജോർജ്ജ് എന്നിവർ കർഷകരുടെ ചോദ്യങ്ങൾക്ക് നൽകിയ മറുപടികളാണ് യഥാക്രമം താഴെ ചേർത്തിട്ടുള്ളത്.

## പ്രാദേശികസാഹചര്യങ്ങൾക്ക് യോജിച്ച റബ്ബറിനങ്ങൾ

1. ***ആർആർഐഐ 414 എന്ന ഇനം കൃഷിചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***
   ആർആർഐഐ 414 എന്ന ഇനത്തിന്റെ തൈമരങ്ങൾ ആദ്യവർഷങ്ങളിൽ വളഞ്ഞു പോകാനുള്ള സാധ്യതയുള്ളതിനാൽ ശുപാർശ പ്രകാരമുള്ള വളപ്രയോഗം മാത്രമേ പാടുള്ളൂ. പിന്നീട് ഇവ നിവർന്നു വളരുന്നതായി കാണാം. ഈ ഇനത്തിൽപെട്ട മരങ്ങൾ ആർആർഐഐ 105-നെ അപേക്ഷിച്ച് നേരത്തെ ടാപ്പുചെയ്യാനാവശ്യമായ വണ്ണമെത്താറുണ്ട്. എന്നാൽ, ഇവയ്ക്ക് പട്ടക്കനം കുറവായതിനാൽ ടാപ്പിങ് ആരംഭിച്ച് ഒന്നുരണ്ടു വർഷത്തേക്ക് ആഴം കുറച്ച് ടാപ്പുചെയ്യുന്നതാണ് അഭികാമ്യം. രണ്ടുമൂന്നു വർഷത്തിനുശേഷം സാധാരണ പോലെ ടാപ്പിങ് തുടരാവുന്നതാണ്. പാൽകുഴലുകൾ കൂടുതലും പട്ടയുടെ ഉൾഭാഗത്ത് ക്രമീകരിച്ചിരിക്കുന്നതിനാൽ ശരിയായ ഉത്പാദനം ലഭിക്കുന്നതിന് കൃത്യമായ ആഴത്തിൽ ടാപ്പുചെയ്യേണ്ടത് ആവശ്യമാണ്.
2. ***വരൾച്ചയെ പ്രതിരോധിക്കാൻ കഴിവുള്ള റബ്ബറിനങ്ങൾ ഏതൊക്കെയാണ്?***
   വരൾച്ചയെ പ്രതിരോധിക്കാൻ സാമാന്യം കഴിവുള്ള ഒരിനമാണ് ആർആർഐഐ 430. ഇതിന് വേനൽ മാസങ്ങളിൽ ഉത്പാദനം കുറവാണെങ്കിലും വാർഷിക ഉത്പാദനം കൂടുതലായിരിക്കും. അന്തരീക്ഷ ഊഷ്മാവ് കൂടി നിൽക്കുന്ന വടക്കൻ ജില്ലകൾക്ക് ആർആർഐഐ 417-ഉം തെക്കൻ ജില്ലകളിലെ (കൊല്ലം, തിരുവനന്തപുരം) ചൂടുകൂടിയ പ്രദേശങ്ങൾക്ക് ആർആർഐഐ 422-ഉം യോജിച്ച ഇനങ്ങളാണ്.
3. ***ഒരു തോട്ടത്തിൽ ഒന്നിലധികം ഇനങ്ങൾ കൃഷി ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***
   ഒന്നിലധികം ഇനങ്ങൾ കൃഷിക്കായി തിരഞ്ഞെടുക്കുമ്പോൾ ഓരോ ഇനവും പ്രത്യേകം പ്ലോട്ട് തിരിച്ച് നടാൻ ശ്രദ്ധിക്കണം. ഇനങ്ങൾ ഇടകലർത്തി നടുന്നത് സുഗമമായ ടാപ്പിങ്ങിന് ബുദ്ധിമുട്ടുണ്ടാക്കാം. മാത്രമല്ല, ഇനം തിരിച്ചു നടുന്നത് ഓരോ ഇനത്തി



*ഡോ. റ്റി. മീനാകുമാരി കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

ന്റെയും ഉത്പാദനം കർഷകർക്ക് നേരിട്ട് മനസ്സിലാക്കാനും രോഗങ്ങൾ വന്നാൽ രോഗനിവാരണമാർഗ്ഗങ്ങൾ സ്വീകരിക്കുന്നത് എളുപ്പമാക്കാനും സഹായിക്കും.

4. ***ആർആർഐഐ 400 പരമ്പരയിൽപെട്ട മരങ്ങൾക്ക് രോഗപ്രതിരോധശേഷി കൂടുതലായുണ്ടോ?***

ആർആർഐഐ 105-നെ അപേക്ഷിച്ച് ആർആർഐഐ 400 പരമ്പര ഇനങ്ങൾ രോഗപ്രതിരോധശേഷിയുള്ളവയാണ്. അകാലിക ഇലപൊഴിച്ചിൽ, കൊളിറ്റോട്രിക്കം, ഇലപ്പൊട്ടുരോഗം എന്നിവ ഉൾപ്പെടെ എല്ലാ ഇലരോഗങ്ങൾക്കും ആർആർഐഐ 105-നെ അപേക്ഷിച്ച് പ്രതിരോധശേഷിയുള്ള ഇനമാണ് ആർആർഐഐ 414. ഉയർന്ന പ്രദേശങ്ങളിലും തണുപ്പുള്ള അന്തരീക്ഷത്തിലുമുണ്ടാകുന്ന പൊടിക്കുമിൾ രോഗബാധയൊഴിച്ചാൽ ആർആർഐഐ 430-ന് സാമാന്യം രോഗപ്രതിരോധശേഷിയുണ്ട്. ആർആർഐഐ 417, ആർആർഐഐ 422 എന്നീ ഇനങ്ങൾക്ക് അവ വളരുന്ന സാഹചര്യം, കാലാവസ്ഥ എന്നിവ അടിസ്ഥാനമാക്കി ചില പ്രദേശങ്ങളിൽ രോഗബാധയുണ്ടാകുന്നുണ്ടെങ്കിലും ഒരു രോഗവും തീവ്രമായി ബാധിക്കുന്നില്ല. കർണ്ണാടക ഭാഗത്ത് തീവ്രമായുള്ള കൊറിനിസ്പോറ രോഗത്തിനെതിരെ ആർആർഐഐ 414, ആർആർഐഐ 430, എന്നീ ഇനങ്ങൾക്ക് സാമാന്യം രോഗപ്രതിരോധശേഷിയുണ്ട്.

5. ***ഉയർന്ന പ്രദേശങ്ങളിലും മഞ്ഞ് കൂടുതലുള്ള പ്രദേശങ്ങളിലും കൃഷിചെയ്യാൻ യോജിച്ച ഇനങ്ങൾ ഏതെല്ലാമാണ്?***

ഉയർന്ന പ്രദേശങ്ങളിൽ പൊടിക്കുമിൾ രോഗബാധ കൂടുതലായിരിക്കും. തളിരിലകളെയാണ് ഈ രോഗം കൂടുതലായി ബാധിക്കുന്നത്. ഇല കൊഴിച്ചിലും തളിരിടലും നേരത്തെ നടക്കുന്ന ആർആർഐഐ 422-ൽ രോഗവ്യാപനം കൂടുന്ന സമയമാകുമ്പോഴേക്കും ഇലകൾ മൂത്തു കിട്ടുന്നതിനാൽ ഇത് ഇത്തരം സ്ഥലങ്ങളിലേക്ക് യോജിച്ച ഇനമാണ്. ഉയർന്ന പ്രദേശങ്ങൾക്ക് യോജിച്ച മറ്റ് ഇനങ്ങളാണ് ആർആർഐഐ 417, ആർആർഐഐ 429 എന്നിവ. ആർആർഐഐ 430-ൽ സ്വഭാവിക ഇലകൊഴിച്ചിലും തളിരിടലും വൈകിയാണ് നടക്കുന്നത്. ഈ സമയത്ത് പൊടിക്കുമിൾ രോഗബാധയ്ക്കുള്ള സാധ്യത കൂടുതലാണ്. അതുകൊണ്ട് ഉയർന്ന പ്രദേശങ്ങൾക്ക് ഇത് യോജിച്ചതല്ല.

## റബ്ബർമരങ്ങളിലെ റെയിൻഗാർഡിങ്

1. ***റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്യേണ്ടതിന്റെ ആവശ്യകത എന്താണ് ?***

കേരളത്തിലെ കാലാവസ്ഥ നോക്കിയാൽ നാലഞ്ചു മാസം മഴക്കാലമാണെന്ന് കാണാം. നല്ല ഉത്പാദനം ലഭിക്കുന്ന ഈ സമയത്ത് ടാപ്പുചെയ്യാതിരിക്കുന്നത് കർഷകർക്ക് വലിയൊരു നഷ്ടമാണ്. മാത്രവുമല്ല, റെയിൻഗാർഡ് ചെയ്യാത്ത തോട്ടങ്ങളിൽ പ്രതിവർഷം ഹെക്ടർ ഒന്നിന് 500 കിലോഗ്രാം വരെ ഉത്പാദനനഷ്ടം ഉണ്ടാകുന്നുവെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. അതിനാൽ മരങ്ങൾ റെയിൻഗാർഡുചെയ്യേണ്ടത് അത്യാവശ്യമാണ്

2. ***റബ്ബർമരങ്ങൾ റെയിൻഗാർഡ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്തെല്ലാമാണ്?***

മഴ ആരംഭിക്കുന്നതിന് മുൻപ് തന്നെ റെയിൻഗാർഡിങ് പൂർത്തീകരിക്കേണ്ടതാണ്. ഗുണമേന്മയുള്ള സാമഗ്രികൾ ഉപയോഗിച്ച് മാത്രമേ റെയിൻഗാർഡിങ് ചെയ്യാവൂ. ഇക്കാര്യത്തിൽ കർഷകർക്ക് റബ്ബർബോർഡുകമ്പനികളെ ആശ്രയിക്കാവുന്നതാണ്. റെയിൻഗാർഡിങിന് ഉപയോഗിക്കുന്ന പശ ഒരു കാരണവശാലും ചൂടാക്കരുത്. വെട്ടുചാലിന്റെ ഇരുവശങ്ങളിലേക്കും 15 സെന്റീമീറ്റർ വീതം കടത്തിവേണം റെയിൻഗാർഡ് പിടിപ്പിക്കാൻ. മഴ പെയ്യുമ്പോൾ വെട്ടുചാൽ നനയുന്നില്ല എന്നും ഉറപ്പുവരുത്തണം.

3. ***ടാപ്പിങ്ഷേഡ് ഉപയോഗിച്ച് റെയിൻഗാർഡുചെയ്യുന്നതുകൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാമാണ്?***

ടാപ്പിങ്ഷേഡ് രണ്ടുമൂന്നു വർഷത്തേക്ക് ഉപയോഗിക്കാൻ സാധിക്കും. ഇവ പശ ഉപയോഗിച്ച് ഒട്ടിക്കാതെ മൂന്നോ നാലോ സ്റ്റേപ്ലർപിൻ മാത്രം അടിച്ച് മരത്തിൽ ഉറപ്പിച്ചാൽ മഴക്കാലം കഴിയുമ്പോൾ കേടുകൂടാതെ ഇളക്കിയെടുത്ത് സൂക്ഷിക്കാം. വെട്ടുപട്ടയിൽ കാറ്റും വെളിച്ചവും ഏൽക്കാൻ സഹായിക്കുമെന്നതും ടാപ്പിങ്ഷേഡിന്റെ മേൻമകളാണ്.

4. ***റെയിൽഗാർഡുചെയ്ത് ടാപ്പിങ് നടത്തിയാൽ വെട്ടുപട്ടയിൽ എന്തെങ്കിലും രോഗങ്ങൾ ഉണ്ടാകാൻ സാധ്യതയുണ്ടോ?***

റെയിൽഗാർഡ് പിടിപ്പിച്ച മരങ്ങളുടെ വെട്ടുചാലിൽ ഈർപ്പം നിലനിൽക്കുന്നതിനുള്ള സാധ്യത ഉണ്ട്. ഇത് പട്ടചീയൽരോഗത്തിന് കാരണമായേക്കാം. അതിനാൽ ആഴ്ചയിലൊരിക്കൽ ഇൻഡോഫിൽ എം. 45 അല്ലെങ്കിൽ ഡൈത്തേൻ എം. 45 എന്ന കുമിൾനാശിനി (5 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് ) ഉപയോഗിച്ച് വെട്ടുപട്ട കഴുകേണ്ടതാണ്. ടാപ്പിങ് ഇല്ലാത്ത ദിവസങ്ങളിൽ മഴയില്ലെങ്കിൽ റെയിൻഗാർഡ് ഉയർത്തിവച്ച് വെട്ടുപാലിൽ കാറ്റും വെളിച്ചവും ഏൽക്കാനുള്ള സാഹചര്യം ഒരുക്കുന്നതും നന്നായിരിക്കും.



*ഡോ. കെ.എ. വിൻസെന്റ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

5. ***റബ്ബർമരങ്ങൾ റെയിൻഗാർഡുചെയ്യാൻ എന്ത് ചെലവ് വരും?***

പോളിത്തീൻഷീറ്റ് ഉപയോഗിച്ച് റെയിൻഗാർഡു ചെയ്യുന്നതിന് 30 മുതൽ 35 വരെ രൂപയും ടാപ്പിങ് ഷേഡ് ഉപയോഗിച്ച് റെയിൻഗാർഡു ചെയ്യാൻ ഏക ദേശം 40 മുതൽ 45 വരെ രൂപയും മരമൊന്നിന് ചെലവ് വരും.

6. ***റെയിൻഗാർഡുചെയ്ത മരങ്ങളിൽ ചോർച്ച കാണപ്പെട്ടാൽ എന്തൊക്കെ പരിഹാരമാർഗങ്ങൾ ചെയ്യാൻ സാധിക്കും?***

ചോർച്ചയുള്ള മരങ്ങളിൽ നല്ല വെയിലുള്ള ദിവസം വീണ്ടും പശ തേച്ച് ചോർച്ച തടയാവുന്നതാണ്.

## റബ്ബർബോർഡ് നഴ്സറികളിൽ നിന്നുള്ള നടീൽ വസ്തുക്കളുടെ വിതരണം.

1. ***റബ്ബർബോർഡിന്റെ നഴ്സറികളിൽ നിന്നും വിത രണം ചെയ്യുന്ന നടീൽവസ്തുക്കളുടെ വിലവിവരം എങ്ങനെയാണ്?***

കപ്പുതൈ ഒന്നിന് 90 രൂപയും കൂടത്തൈ ഒന്നിന് 70 രൂപയും ഒട്ടുതൈക്കുറ്റി ഒന്നിന് 30 രൂപയും ബഡ്ഡ് വുഡ് മീറ്ററിന് 20 രൂപയുമാണ് കേരളത്തിലെ വില. നടീലിനുശേഷം കപ്പ് തിരിച്ചേൽപ്പിക്കുന്നവർക്ക് കപ്പൊന്നിന് 7 രൂപാ നിരക്കിൽ തിരികെ ലഭിക്കുന്ന താണ്.

2. ***റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള നഴ്സറി കൾ എവിടെയെല്ലാമാണുള്ളത്?***

കരിക്കാട്ടൂരിനടുത്ത് മുക്കട എന്ന സ്ഥലത്ത് പ്രവ ർത്തിക്കുന്ന സെൻട്രൽ നഴ്സറി കൂടാതെ കടയ്ക്കാ മൺ, കാഞ്ഞിക്കുളം, മഞ്ചേരി, ആലക്കോട്, ഉളി ക്കൽ എന്നിവടങ്ങളിലുള്ള പ്രാദേശിക നഴ്സറിക ളുമാണ് റബ്ബർബോർഡിന്റെ ഉടമസ്ഥതയിലുള്ള നഴ്സറികൾ.




*ആൻസമ്മ ജോർജ്ജ് കർഷകരുടെ സംശയങ്ങൾക്ക് മറുപടി പറയുന്നു*

3. ***റബ്ബർബോർഡ് നഴ്സറികളിൽ നിന്ന് തൈകൾ ലഭിക്കാൻ എന്താണ് ചെയ്യേണ്ടത്?***

തൈകൾ ആവശ്യമുള്ള കർഷകർ റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുമായി ബന്ധപ്പെട്ട് അപേക്ഷ നൽകി കപ്പുതൈ ഒന്നിന് 30 രൂപാ നിരക്കിൽ പണ മടച്ച് തൈകൾ ബുക്ക് ചെയ്യാവുന്നതാണ്.

4. ***തൈകൾ ലഭിക്കാനായുള്ള അപേക്ഷാഫോറം എവിടെനിന്നും ലഭ്യമാകും?***

റബ്ബർബോർഡിന്റെ ഓഫീസുകളിലും നഴ്സറിക ളിലും അപേക്ഷാഫോറം ലഭ്യമാണ്. റബ്ബർബോർ ഡിന്റെ വെബ്സൈറ്റിൽ നിന്ന് (www.rubberboard.gov.in) ഡൗൺലോഡ് ചെയ്തും ഉപയോഗിക്കാം.

5. ***റബ്ബർബോർഡ് നഴ്സറികളിൽ നിന്നുമുള്ള തൈ വിതരണത്തെക്കുറിച്ച് കൂടുതലായി എവിടെ നിന്ന് അറിയാൻ സാധിക്കും?***

കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള റബ്ബർബോർഡ് ഓഫീസുമായോ റബ്ബർബോർഡിന്റെ കോൾസെന്റ റുമായോ ബന്ധപ്പെടുക (കോൾസെന്റർ ഫോൺ നമ്പർ 0481 2576622).

തയ്യാറാക്കിയത്

**സ്ലീബ വി. പോൾ**
(ഫാം ഓഫീസർ)

## റബ്ബർബോർഡ് കോൾസെന്റർ പ്രത്യേക ഫോൺ - ഇൻ പരിപാടി

### അകാലിക ഇലകൊഴിച്ചിൽരോഗവും നിയന്ത്രണ മാർഗങ്ങളും

റബ്ബർമരങ്ങളെ ബാധിക്കുന്ന അകാലിക ഇലകൊ ഴിച്ചിൽ രോഗത്തെയും അവയുടെ നിയന്ത്രണമാർ ഗങ്ങളെയും സംബന്ധിച്ച കർഷകരുടെ ചോദ്യ ങ്ങൾക്ക് 2023 മെയ് 12 വെള്ളിയാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ ഇന്ത്യൻ റബ്ബർ ഗവേഷണകേന്ദ്രത്തിലെ ശാസ്ത്രജ്ഞൻ ഡോ. ഷാജി ഫിലിപ്പ് മറുപടി പറയും

### റബ്ബർമരങ്ങളുടെ മാർക്കിങ്ങും ഇടവേളകൂടിയ ടാപ്പിങ്ങും

റബ്ബർമരങ്ങളിൽ പുതുതായി ടാപ്പിങ് ആരംഭിക്കു മ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, ഇടവേളകൂടിയ ടാപ്പിങ് എന്നീ വിഷയങ്ങളെ സംബന്ധിച്ച ചോദ്യ ങ്ങൾക്ക് 2023 മെയ് 24 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞ ഡോ. ശ്രീലത എസ്. മറുപടി പറയും

### റബ്ബർതൈനടീൽ

റബ്ബർതൈകൾ നടുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യ ങ്ങളെക്കുറിച്ചുള്ള കർഷകരുടെ ചോദ്യങ്ങൾക്ക് 2023 മെയ് 31 ബുധനാഴ്ച രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ജോയിന്റ് റബ്ബർ പ്രൊഡക്ഷൻ കമ്മീഷണർ ഇൻ -ചാർജ് കെ.ജി. ജോൺസൺ മറുപടി പറയും.

***കോൾസെന്റർ ഫോൺ നമ്പർ 0481 2576622***

# നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ് പരിശീലനപരിപാടികൾ

## 2023 ജൂൺ മാസത്തെ പരിശീലനപരിപാടികൾ

1. **തേനീച്ചവളർത്തൽ**

   റബ്ബർകൃഷിയോടൊപ്പം അനുബന്ധവരുമാനമാർഗമായി റബ്ബർതോട്ടങ്ങളിൽ തേനീച്ചവളർത്തുന്നതിൽ ഏകദിനപരിശീലനം (ഓൺലൈൻ) ജൂൺ 01-ന് നടക്കും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

2. **റബ്ബർപാലിൽ നിന്നുള്ള ഉത്പന്നനിർമാണം**

   റബ്ബർപാലിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 5 മുതൽ 9 വരെയുള്ള തീയതികളിൽ നടക്കും. റബ്ബർപാൽ അധിഷ്ഠിത വ്യവസായങ്ങൾ, ലാറ്റക്സ് കോമ്പൗണ്ടിങ്, പ്രോഡക്ട് ഡിസൈൻ, റബ്ബർബാന്റ്, കയ്യുറകൾ, ഫോംറബ്ബർ, പശകൾ, ബലൂണുകൾ എന്നിവയുടെ നിർമ്മാണം; ഉത്പന്നങ്ങളുടെ ഗുണമേന്മ നിയന്ത്രിക്കുന്ന ഘടകങ്ങൾ എന്നിവ കോഴ്സിൽ ഉൾപെടുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 3750 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

3. **രോഗ-കീട നിവാരണം**

   റബ്ബറിനെ ബാധിക്കുന്ന രോഗ-കീടങ്ങളെ നിവാരണം ചെയ്യുന്നതിനെക്കുറിച്ചുള്ള ഏകദിന പരിശീലനം (ഓൺലൈൻ) ജൂൺ 14-ന് നടത്തും. പരിശീലനഫീസ് 100 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

4. **ഉണക്കറബ്ബർ നിർണയം**

   റബ്ബർപാലിലെ ഉണക്കറബ്ബർ തിട്ടപ്പെടുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 14 മുതൽ 16 വരെയുള്ള തീയതികളിൽ നടത്തുന്നു. പരിശീലനമാധ്യമം ഇംഗ്ലീഷായിരിക്കും. പരിശീലനഫീസ് 3000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).



5. **വളമിടീൽ**
റബ്ബർമരങ്ങളുടെ വളമിടീലിനെക്കുറിച്ചുള്ള ഏക ദിനപരിശീലനം ജൂൺ 19-ന് നടക്കും. കർഷകർ, തോട്ടംമാനേജർമാർ, നഴ്സറി ഉടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

6. **ഉണക്കറബ്ബറിൽ നിന്നുള്ള ഉത്പന്നനിർമ്മാണം**
ഉണക്കറബ്ബറിൽ നിന്ന് വിവിധതരം ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനെക്കുറിച്ചുള്ള പരിശീലനം ജൂൺ 19 മുതൽ 23 വരെയുള്ള തീയതികളിൽ നടത്തും. റബ്ബർ കോമ്പൗണ്ടിങ്, പ്രോസ്സസ്കൺട്രോൾ ടെസ്റ്റുകൾ, വൾക്കനൈസേറ്റ്സ് ടെസ്റ്റിങ്, എം.എസ്.എം.ഇ. സ്കീമുകൾ, മാർക്കറ്റിങ് തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്നു. റബ്ബർവ്യവസായങ്ങളിൽ നിന്നുള്ള സംരംഭകർ, സാങ്കേതികോദ്യോഗസ്ഥർ, സ്റ്റാർട്ടപ്പ് മിഷനുകളിൽ നിന്നുള്ളവർ തുടങ്ങിയവർക്ക് പങ്കെടുക്കാം. പരിശീലനഫീസ് 5000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

7. **നഴ്സറിപരിപാലനം**
റബ്ബർനഴ്സറിപരിപാലനത്തിൽ പരിശീലനം ജൂൺ 21, 22 തീയതികളിൽ നടക്കും. നഴ്സറിപരിപാലനത്തിൽ ശാസ്ത്രീയമായ അറിവ് നൽകുക എന്നതാണ് ഈ രണ്ടുദിവസത്തെ പരിപാടിയുടെ ലക്ഷ്യം. കൃഷിക്കാർക്കും നഴ്സറിയുടമകൾക്കും ഈ പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലന ഫീസ് 1000 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

8. **റബ്ബർകൃഷി**
റബ്ബർകൃഷിപരിപാലനത്തിൽ ഹ്രസ്വകാല പരിശീലനം ജൂൺ 26 മുതൽ 28 വരെയുള്ള തീയതികളിൽ നടക്കും. പുതിയ റബ്ബറിനങ്ങൾ, നടീൽ സമ്പ്രദായങ്ങൾ, വളമിടീൽ, രോഗകീടങ്ങളുടെ നിയന്ത്രണ മാർഗങ്ങൾ, ടാപ്പിങ്, റബ്ബർപാൽ സംസ്കരണം എന്നിവ പരിശീലനപരിപാടിയിൽ ഉൾപെടുത്തിയിട്ടുണ്ട്. കർഷകർ, തോട്ടംമാനേജർമാർ, നഴ്സറി ഉടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനമാധ്യമം ഇംഗ്ലീഷ് ആയിരിക്കും. പരിശീലനഫീസ് 4500 രൂപ (18 ശതമാനം ജി.എസ്.റ്റി.പുറമെ).

9. **ഇടവിളക്കൃഷി**
റബ്ബർതോട്ടങ്ങളിൽ ഇടവിളകൾ കൃഷിചെയ്യുന്നതിനുള്ള ഏകദിന പരിശീലനം ജൂൺ 30-ന് നടക്കും. റബ്ബറിനോടൊപ്പം കൃഷി ചെയ്യാവുന്ന ഇടവിളകൾ, അവയുടെ നടീൽരീതികൾ, പരിപാലനം എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ളതാണ് പരിശീലനപരിപാടി. കർഷകർ, തോട്ടംമാനേജർമാർ, നഴ്സറി ഉടമകൾ, തോട്ടം മേഖലയിൽ നിന്നുള്ളവർ എന്നിവർക്ക് അപേക്ഷിക്കാവുന്നതാണ്. പരിശീലനഫീസ് 500 രൂപ (18 ശതമാനം ജി.എസ്.റ്റി. പുറമെ).

പട്ടികജാതി-പട്ടികവർഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിൽ 50 ശതമാനം ഇളവ് ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. റബ്ബറുത്പാദകസംഘങ്ങളിൽ അംഗങ്ങളായിട്ടുള്ളവർ അംഗത്വസർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ ഫീസിൽ 25 ശതമാനം ഇളവ് നൽകും.

പരിശീലനവുമായി ബന്ധപ്പെട്ട പുതുക്കിയ വിവരങ്ങൾ എന്തെങ്കിലുമുണ്ടെങ്കിൽ അറിയുന്നതിനായി https://www.facebook.com/RubberBoardofIndia എന്ന ഫേസ്ബുക്ക് പേജിലോ വാട്ട്സ് ആപ്പിലോ 04812353201 (വ്യവസായം), 04812351313 (കൃഷി) ബന്ധപ്പെടുക.





മുരളീധരൻ തഴക്കര

# കളികൾ മാറി കളിപ്പാട്ടങ്ങളും മാറി

ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ ഏതാനും സ്കൂളുകളിലെ വാർഷികാഘോഷച്ചടങ്ങുകളിൽ പങ്കെടുക്കാൻ ഈ ലേഖകന് അവസരമുണ്ടായി. വാർഷികാഘോഷങ്ങൾ വർണ്ണശബളമാക്കാൻ സ്കൂളുകൾ തമ്മിൽ പരസ്പരം മത്സരിക്കുകയായിരുന്നു എന്ന് സംശയം ജനിപ്പിക്കുംവിധം അത്രകണ്ട് ധാടിമോടികളോടെയാണ് എല്ലാ സ്കൂളുകളിലും ആഘോഷങ്ങൾ സംഘടിപ്പിച്ചത്. ആഴ്ചകൾ നീണ്ടുനിന്ന മുന്നൊരുക്കങ്ങളും ഫ്ളക്സ് ബോർഡുകളും മൾട്ടികളർ നോട്ടീസുകളും അലംകൃതകമാനങ്ങളും മൈക്ക് അനൗൺസ്മെന്റും എന്നുവേണ്ട എങ്ങനെയെല്ലാം പൊലിമ വരുത്താമോ അതെല്ലാം ചേരുംപടി ചേർക്കാൻ സ്കൂളധികൃതർ പ്രത്യേകം ശ്രദ്ധിച്ചിരുന്നു. പ്രശസ്തരായ, താരശോഭയുള്ള സെലിബ്രിറ്റിക്ക് പതിനായിരത്തിലധികം രൂപ യാത്രപ്പടി നൽകേണ്ടിവന്ന സ്കൂളുകളുമുണ്ട്!

പഠനകാര്യങ്ങളെക്കാളധികം പാഠ്യേതരരംഗങ്ങളിലായിരിക്കുന്നു എല്ലാ ശ്രദ്ധയും. ഒരുകാലത്ത് വളരെ ലാളിത്യത്തോടെ നടത്തിയ ക്ലാസ്മീറ്റിങ്ങും സ്കൂൾ ആനിവേഴ്സറിയും അതിന്റെ അനുരണനങ്ങളും അറിയാതെ മനസ്സിലേക്ക് കടന്നുവന്നു. ചുരുക്കത്തിൽ കുട്ടികളെ തങ്ങളുടെ സ്കൂളിലേക്ക് ആകർഷിക്കുന്നതിനായുള്ള തന്ത്രപരമായ ഒരു പ്രകടനാത്മക 'ഐറ്റ'മായി മാറുകയാണോ ഇങ്ങനെ മത്സരിച്ചുനടത്തുന്ന സ്കൂൾ വാർഷികങ്ങളെന്ന് മനസ്സ് മന്ത്രിച്ചു.

ഒരു സത്യം പറയാതെ വയ്യ. സ്കൂളുകളിലെ വാർഷികാഘോഷവേദിയിൽ നടക്കുന്ന പ്രസംഗങ്ങളിലൊന്നും നഴ്സറിയിലും പ്രൈമറി ക്ലാസിലും പഠിക്കുന്ന കുരുന്നു കുട്ടികൾക്ക് തെല്ലുപോലും താൽപര്യമില്ല. കളിച്ചും ചിരിച്ചും വർത്തമാനം പറഞ്ഞും കുസൃതികാണിച്ചും പൂമ്പാറ്റകളെ പോലെ പറന്നു നടക്കാനാണല്ലോ കുട്ടികൾക്ക് താൽപര്യം. കോഴിക്കുഞ്ഞുങ്ങളെ ഒറ്റാലിനടിയിൽ ഇട്ടിരിക്കുന്ന പോലെ ഒന്ന് രണ്ട് അധ്യാപകർ കണ്ണുരുട്ടി കാണിച്ച് ഇവരുടെ ഇടയിലിരുന്ന് പേടിപ്പിച്ച് പ്രസംഗങ്ങൾ കേൾപ്പിക്കുന്ന അന്തരീക്ഷമുണ്ടാക്കിയെടുക്കുകയാണ് യഥാർത്ഥത്തിൽ.

ഒരു സ്കൂളിനോട് ചേർന്ന നഴ്സറിസ്കൂളിലെ പ്രിൻസിപ്പലിന്റെ പ്രസംഗം വല്ലാത്ത കല്ലുകടിയായി മനസ്സിൽ തറയ്ക്കുകയും ചെയ്തു. രണ്ടുമാസക്കാലം ഇനി അവധിയാണ് അടുത്ത ക്ലാസിലേക്കുള്ള പാഠപുസ്തകങ്ങൾ ഇപ്പോഴേ പഠിച്ചുതുടങ്ങണം. മണ്ണിലും വെയിലത്തുമിറങ്ങാൻ പാടില്ല. അവധിക്കാലത്ത് ചെയ്യാനായി നൽകിയിട്ടുള്ള പ്രോജക്കുകളെല്ലാം കൃത്യമായി തന്നെ ചെയ്യണം. ഇങ്ങനെ ഈ കുരുന്ന് കുട്ടികൾ മധ്യവേനലവധിക്കാലത്ത് ചെയ്യേണ്ട പഠനകാര്യങ്ങളുടെ നീണ്ട പട്ടിക ഒന്നൊന്നായി കേട്ടപ്പോൾ മനസ്സിൽ വല്ലാത്ത ആകുലതയാണ് തോന്നിയത്.

ഇതാ ഇവിടെയാണ് 'കളികൾ മാറി കളിപ്പാട്ടങ്ങൾ മാറി'എന്ന ഈ കുറുപ്പിന്റെ ശീർഷകം പ്രസക്തമാകുന്നത്. മണ്ണിൽ ചവിട്ടാതെ വീടിനുള്ളിൽ പോലും സോക്സിടീച്ചാണ് നമ്മളിപ്പോൾ കുഞ്ഞുങ്ങളെ വളർത്തുന്നത്. തോക്കും ജെ.സി.ബി.-യും ടിപ്പറും പാറ്റൺ ടാങ്കും മറ്റുമാണിപ്പോൾ നമ്മുടെ കുട്ടികളുടെ കളിപ്പാട്ടങ്ങൾ. പരസ്പരം വൈരനിര്യാതന ബുദ്ധിയോടെ യുദ്ധം ചെയ്യുകയും പരമാവധിപേരെ കൊന്നൊടുക്കുകയും ചെയ്യുന്ന മൊബൈലിലെ ഗെയിമുകളോടാണിപ്പോൾ കുഞ്ഞുങ്ങൾക്ക് പ്രിയം. ടി.വി. -യിൽ കാണുന്ന ചില കാർട്ടൂണുകളുടെ ഇതിവൃത്തവും വ്യത്യസ്തമല്ല! 'ചൊട്ടയിലെ ശീലം ചുടലവരെ'.

'ചെറുപ്പകാലങ്ങളിലുള്ള ശീലം മറക്കുമോ മാനുഷനുള്ള കാലം' എന്നാണല്ലോ പ്രമാണം. ഇതൊക്കെ നിരന്തരം കണ്ടും കേട്ടും കളിച്ചും വളരുന്ന ഒരു കുഞ്ഞുമനസ്സിൽ ഇവയൊക്കെയും ആലേഖനം ചെയ്യപ്പെടുമെന്നത് തീർച്ചയാണ്.

വീട്ടുവളപ്പിലെ പ്ലാവിൻ ചുവട്ടിൽ നിന്നും പഴുത്ത പ്ലാവില പെറുക്കിയെടുത്ത് തെങ്ങോലയിൽ നിന്നും പച്ച ഈർക്കിലെടുത്ത് അവ പരസ്പരം ഈർക്കിൽ കുത്തി തുന്നിച്ചേർത്ത് തൊപ്പിയും ബെൽറ്റും ഉണ്ടാക്കി 'കള്ളനും പോലീസും' കളിക്കുകയെന്നതായിരുന്നു ഒരുകാലത്ത് കുട്ടികളുടെ ഇഷ്ടവിനോദം. 'ഉരിയാടുന്നവൻ പ്ലാവിലയെടുക്കുക' എന്നൊരു ചൊല്ലു തന്നെയുണ്ട്.

തെങ്ങിൽനിന്നും കൊഴിഞ്ഞുവീഴുന്ന വെള്ളക്ക അഥവാ കൊച്ചിങ്ങയും വലിയ വെള്ളക്കയും പച്ച ഓലക്കാലും ഈർക്കിലുമെല്ലാം പോയകാലത്ത് കുട്ടികളുടെ പ്രധാന കളിക്കോപ്പുകളായിരുന്നു. തെങ്ങിൻ ചുവട്ടിൽ വീണു കിടക്കുന്ന കൊച്ചിങ്ങ പെറുക്കിയെടുത്ത് ഈർക്കിൽ കുത്തി പരസ്പരം യോജിപ്പിച്ച് തേരും കുതിരയും ഉണ്ടാക്കുക, കാതിലിടാനുള്ള കുണുക്കുണ്ടാക്കുക, ഒരു മരച്ചീനി കമ്പോ അത്രയ്ക്ക് ബല

മില്ലാത്തതും വളച്ചാൽ വളഞ്ഞു കിട്ടുന്നതുമായ ആവശ്യത്തിനു നീളമുള്ള ഒരു കമ്പെടുത്ത് വലിയ വെള്ളക്കായുടെ മോടഭാഗം കിഴിച്ച് അതിനുള്ളിലേക്ക് കമ്പ് കടത്തിയിട്ട് ചാടാക്കി ഉരുട്ടിക്കൊണ്ടു നടക്കുക, പച്ച ഓലക്കാലുകൊണ്ട് പീപ്പിയും വാച്ചും പന്തും കാറ്റാടിയും തത്തയുമുണ്ടാക്കി കളിക്കുക ചുരുക്കത്തിൽ തെങ്ങിന്റെ ഒട്ടുമിക്ക ഭാഗങ്ങളും കളിപ്പാട്ടങ്ങളാക്കി മാറ്റിയിരുന്നു. ഉണങ്ങിയ ചിരട്ടയാണ് പാത്രങ്ങളാക്കി അരിയും കറിയും വെച്ച് കഴിക്കുന്നത്. വാഴവള്ളിയിൽ ചിരട്ട കെട്ടിത്തൂക്കിയിട്ട് ത്രാസാക്കിയിരുന്നു.

കമുകിന്റെ ഉണങ്ങിയ ഓല അതായത് 'തണുങ്ങും പാളയും' കളിക്കോപ്പായി ഉപയോഗിച്ചിരുന്നു. പാളയിൽ കൂട്ടുകാരനെ ഇരുത്തി തണുങ്ങിൽ പിടിച്ചു വലിച്ചുകൊണ്ട് സ്പീഡിൽ ഓടുന്നു- അതൊരു വാഹനമാക്കി മാറ്റുകയായിരുന്നു. രണ്ടു ചേരിയായി ഇരുവശങ്ങളിലായി നിന്ന് തണുങ്ങുവലിച്ച് ബലാബലം പരിശോധിക്കുന്നതും കുട്ടികൾക്ക് പ്രിയ വിനോദമായിരുന്നു.

ഇന്നത്തെ ലോകവ്യാപക കളിയാണല്ലോ ക്രിക്കറ്റ്. കിക്കറ്റിന്റെ ആദിമരൂപമെന്ന് പറയാവുന്ന 'കുട്ടിയും കോലും' എന്ന കളി കുട്ടികൾക്ക് ഏറെ ഹരമായിരുന്ന കളിയാണ്. ബലമുള്ള ഒരു ചാൺ നീളമുള്ള ഒരു ചെറിയ കഷണം കമ്പും ക്രിക്കറ്റ് ബാറ്റിന്റെയത്ര നീളമുള്ളതും നല്ല ബലമുള്ളതുമായ മറ്റൊരു കമ്പും ഉപയോഗിച്ചുള്ള കളിയാണിത്.

പുളിങ്കുരു, ഇലഞ്ഞിക്കുരു, പറങ്കിയണ്ടി, ചെറിയ പാറക്കല്ല്, ഗോലി (വട്ട്), ഓമത്തണ്ട് അതായത് പപ്പായത്തണ്ട്, ഉണങ്ങിയ പുന്നക്ക, തുടങ്ങിയവയൊക്കെയും ഒരു കാലത്ത് കുട്ടികളുടെ വിനോദോപാധിക്കുള്ള കളിപ്പാട്ടങ്ങളായിരുന്നു. പുളിങ്കുരു എറിഞ്ഞു കളിയ്ക്കുന്നതിനും ഉന്നം തെറ്റാതെ വലിയ പറങ്കിയണ്ടികൊണ്ട് ചെറിയ പറങ്കിയണ്ടി എറിഞ്ഞു തെറിപ്പിക്കുന്നതിനും ഒറ്റയും ഇരട്ടയും മുച്ചും വേഗത്തിൽ കൈകൊണ്ട് വാരിയെടുക്കുന്ന കല്ല് കളിക്കുന്നതിനും ഉന്നം നോക്കിയുള്ള ഗോലികൊണ്ടുള്ള കളിക്കും ഓമത്തണ്ടിൽ വെള്ളം നിറച്ചുള്ള കളിക്കുമെല്ലാം പണച്ചെലവില്ലാത്ത സാധന സാമഗ്രികൾ വീടിന്റെ പരിസരത്ത് നിന്നുതന്നെ കണ്ടെത്തുകയായിരുന്നു. ഇന്നത്തെ ആധുനിക കളിപ്പാട്ടങ്ങളെല്ലാം വലിയ വില നൽകി നാം വാങ്ങുന്നവയാണ്! അവയിലേറെയും പ്ലാസ്റ്റിക് നിർമ്മിതവും ചൈനയിൽ നിന്നും മറ്റും എത്തുന്നവയുമാണ്.

കുട്ടികളിൽ അന്വേഷണ തൃഷ്ണവളർത്തുന്നതിനും മണ്ണിലേക്കിറങ്ങുന്നതിനും പ്രകൃതിയെ അറിയുന്നതിനും കായികക്ഷമതയുണ്ടാക്കുന്നതിനും പണച്ചെലവ് ഉണ്ടാകാതിരിക്കുന്നതിനും മറ്റും ഈ കളികളെല്ലാംതന്നെ കുഞ്ഞുങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും സഹായിച്ചിരുന്നു. എന്തിനേറെ - പച്ചമണ്ണ് പോലും കുട്ടികൾക്ക് കളിക്കോപ്പായിരുന്ന ഒരു ഭൂതകാലം ഉണ്ടായിരുന്നു. ആവശ്യത്തിന് വെള്ളമൊഴിച്ച് മണ്ണ് കുഴച്ച് കണ്ണൻചിരട്ടയിൽ നിറച്ച് മണ്ണപ്പം ചുട്ടു കളിച്ച ബാല്യം! യഥാർത്ഥത്തിൽ കുരുന്നുകളെ മണ്ണുമായി നമ്മുടെ ജീവിത പരിസരവുമായി ചേർത്ത് നിർത്തിയ ഇണക്കുകണ്ണികളായിരുന്നു പോയ കാലത്തിന്റെ ഈ കളിക്കോപ്പുകൾ ഒക്കെയും.

മാത്രമല്ല, കള്ളനും പോലീസും അടിച്ചേച്ചോട്ടവും സാറ്റും ഓലപ്പന്തും കബഡിയും തണുങ്ങുവലിയും മറ്റും കുട്ടികൾ കളിക്കുമ്പോൾ കുഞ്ഞുങ്ങൾക്കതൊരു ഫലപ്രദമായ കായകല്പ ചികിത്സ കൂടിയായിരുന്നു. മദ്ധ്യവേനൽ അവധിക്കാലം അയൽവീടുകളിലെ കുട്ടികളെല്ലാം ഒന്നിച്ചുകൂടി കളിയും ചിരിയുമായി സർവ്വതന്ത്ര സ്വതന്ത്രരായി മണ്ണിലിറങ്ങുന്ന ഉത്സാഹത്തിമിർപ്പിന്റെ ഉത്സവകാലമാണ്. മാവിൻ ചുവട്ടിലും പറങ്കിമാവിൻ ചുവട്ടിലും ഒത്തുകൂടി മാവിലെറിഞ്ഞും പറങ്കിമാവിലെറിഞ്ഞും പറങ്കിമാമ്പഴം തിന്നും ഇവയൊക്കെ പരസ്പരം പങ്കുവെച്ചും പ്രകൃതിയോടൊപ്പം ചേർന്ന് കുട്ടിക്കാലം ആഘോഷമാക്കിയിരുന്ന രണ്ടുമാസങ്ങൾ! ശരിക്കും പറഞ്ഞാൽ ഇതൊരു പ്രകൃതി പഠനക്ലാസ്സായിരുന്നു. ജീവിതനന്മയിലേക്കുള്ള നല്ല പാഠങ്ങൾ പകർന്നുകിട്ടിയ എക്സ്ട്രാ ക്ലാസ്സ്.

ഇപ്പോഴിതാ ആവശ്യത്തിലേറെ ബേക്കറി പലഹാരങ്ങളും ഹോർമോണുകൾ കുത്തിവെച്ച് കിട്ടുന്ന ബ്രോയിലർ കോഴിയിറച്ചിയും വേണ്ടതിലേറെ കഴിച്ച് പൊണ്ണത്തടിവെച്ച് പൂഷണിച്ച് വളരുന്ന കുട്ടികളാണേറെയും. അവരുടെ കളികളെല്ലാം മൊബൈൽ ഫോണിലാണ്. പക്ഷേ എന്തിനെക്കുറിച്ചും വേണ്ടത്ര അറിവുണ്ടവർക്ക്. എന്നാൽ, വേണ്ടത്ര തിരിച്ചറിവില്ല എന്നതാണ് യാഥാർത്ഥ്യം. ജീവിതത്തിലെ പ്രതിസന്ധികളെയും പ്രശ്നങ്ങളെയും നേരിടാനും അതിജീവിക്കുവാനുമുള്ള ഉൾക്കരുത്തില്ലെന്നതാണ് സത്യം. എന്തെങ്കിലും ഒരു പ്രതിസന്ധിയോ പ്രശ്നമോ ഉണ്ടായാൽ 'ചീര'വാടുന്നതുപോലെ വാടിത്തളരുകയാണ്! ഏതെങ്കിലും ഒരു വിഷയത്തിൽ 'എ'പ്ലസ് ലഭിക്കാതെ പോയാൽ, വിലകൂടിയ മൊബൈൽ ഫോൺ വാങ്ങി കൊടുക്കാതിരുന്നാൽ, അരുമയായി പരിപാലിച്ച അക്വേറിയത്തിലെ മത്സ്യങ്ങൾ എന്തോ കാരണത്താൽ ചത്തുപോയാൽ, കൂടുതൽ സമയം ടി.വി. കണ്ടതിന് അച്ഛൻ ശകാരിച്ചാൽ- ഇങ്ങനെയുള്ള കൊച്ചു കൊച്ചു കാര്യങ്ങളുടെ പേരിൽ ആത്മഹത്യ ചെയ്യുന്ന കുട്ടികളുടെ എണ്ണം വർധിച്ചുവരുന്നതിന്റെ കാരണവും മറ്റൊന്നല്ല. ഉന്നതമായ മാർക്കുവാങ്ങി എൻട്രൻസ് പരീക്ഷയിലും വിജയിച്ച് ഐ.ഐ.ടി.-കളിൽ അഡ്മിഷൻ കിട്ടി പഠിക്കുന്ന കുട്ടികളിൽ എത്രയോ പേരാണ് ആത്മഹത്യ ചെയ്യുന്നത്! പരീക്ഷയിൽ തെല്ലു മാർക്കു കുറഞ്ഞുപോയാൽ, ഏതെങ്കിലും വിഷയങ്ങളിൽ തോറ്റുപോയാൽ വല്ലാത്ത ആത്മസംഘർഷത്തിനും വിഷാദരോഗത്തിനും അടിപ്പെടുകയാണ് കുട്ടികൾ! കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നതിനും പഴയ കാലത്തെ കളികളും കളിക്കോപ്പുകളും കുട്ടികളുടെ ഒത്തുചേരലുമെല്ലാം പരോക്ഷമായി അവരെ സഹായിച്ചിരുന്നു. ഇപ്പോഴും നമ്മുടെ കുട്ടികൾക്ക് കൂട്ടുകാരേറെയുണ്ട്. പക്ഷേ അവരൊക്കെയും മൊബൈൽ ഫോണിലെ ചങ്ങാതിമാരാണെന്ന് മാത്രം. വിലകൂടിയ 'ന്യൂജെൻ' കളിപ്പാട്ടങ്ങളും ഏറെയുണ്ട്. പക്ഷേ അവയിലേറെയും വിദേശ നിർമ്മിതവും വലിയ വില നൽകി വാങ്ങുന്നവയുമാണ്.

നിർമ്മിതബുദ്ധിയും റോബോട്ടുകളും ജീവിതം തന്നെ മാറ്റി മറിക്കുന്ന ഈ പുതിയ കാലത്ത് ഈ പറഞ്ഞതൊക്കെയും ഒരു പഴവന്റെ പഴഞ്ചൻ ചിന്തയായേ തോന്നൂ! പക്ഷേ, മണ്ണിൽ ചവിട്ടാതെ മണ്ണിനെയറിയാതെ പ്രകൃതിയെ കാണാതെ വളരുന്ന കുഞ്ഞ് വളർന്ന് വലുതാകുമ്പോൾ പെറ്റുവളർത്തിയ അമ്മയേയും പോറ്റിവളർത്തിയ അച്ഛനേയും അറിയാതെ പോകും. ജീവിത സായാഹ്നത്തിലെത്തിയ അവർക്കായി വൃദ്ധസദനങ്ങളിൽ മുറികൾ മുൻകൂട്ടി ബുക്ക് ചെയ്യുന്ന നിലയിലേക്കവർ മാറും. അതിനാൽ കുഞ്ഞുങ്ങൾ മണ്ണിനെ അറിഞ്ഞ് മണ്ണിൽ ചവിട്ടി വളരട്ടെ! അവർ നല്ല മനുഷ്യരായി മാറട്ടെ. •

# റബ്ബർവില കഴിഞ്ഞമാസം (രൂപ/ക്വിന്റൽ)

| തീയതി | ആഭ്യന്തരവില | | | | | അന്താരാഷ്ട്രവില | |
|---|---|---|---|---|---|---|---|
| | കോട്ടയം | | | കൊച്ചി | | ബാങ്കോക്ക് | |
| | ആർഎസ്എസ് 4 | ആർഎസ്എസ് 5 | 60% ലാറ്റക്സ് | ആർഎസ്എസ് 4 | ആർഎസ്എസ് 5 | ആർഎസ്എസ് 3 | ആർഎസ്എസ് 4 |
| 2023 ഏപ്രിൽ 1 | 14950 | 14650 | അവധി | 14950 | 14650 | അവധി | അവധി |
| 2023 ഏപ്രിൽ 2 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഏപ്രിൽ 3 | 15000 | 14750 | 10885 | 15000 | 14750 | 14406 | 14333 |
| 2023 ഏപ്രിൽ 4 | 15000 | 14800 | 11095 | 15000 | 14800 | 14308 | 14236 |
| 2023 ഏപ്രിൽ 5 | 15000 | 14800 | 11305 | 15000 | 14800 | 14454 | 14382 |
| 2023 ഏപ്രിൽ 6 | 15000 | 14800 | 11305 | 15000 | 14800 | അവധി | അവധി |
| 2023 ഏപ്രിൽ 7 | അവധി | അവധി | അവധി | അവധി | അവധി | 14457 | 14384 |
| 2023 ഏപ്രിൽ 8 | 15000 | 14800 | അവധി | 15000 | 14800 | അവധി | അവധി |
| 2023 ഏപ്രിൽ 9 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഏപ്രിൽ 10 | 15000 | 14800 | 11410 | 15000 | 14800 | 14216 | 14144 |
| 2023 ഏപ്രിൽ 11 | 15000 | 14800 | 11410 | 15000 | 14800 | 14165 | 14093 |
| 2023 ഏപ്രിൽ 12 | 15000 | 14800 | 11410 | 15000 | 14800 | 14202 | 14130 |
| 2023 ഏപ്രിൽ 13 | 15000 | 14800 | 11410 | 15000 | 14800 | അവധി | അവധി |
| 2023 ഏപ്രിൽ 14 | 15000 | 14800 | 11410 | 15000 | 14800 | അവധി | അവധി |
| 2023 ഏപ്രിൽ 15 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഏപ്രിൽ 16 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഏപ്രിൽ 17 | 15050 | 14850 | 11520 | 15050 | 14850 | അവധി | അവധി |
| 2023 ഏപ്രിൽ 18 | 15050 | 14850 | 11520 | 15050 | 14850 | 14260 | 14188 |
| 2023 ഏപ്രിൽ 19 | 15100 | 14900 | 11730 | 15100 | 14900 | 14279 | 14208 |
| 2023 ഏപ്രിൽ 20 | 15150 | 14950 | 11835 | 15150 | 14950 | 14324 | 14253 |
| 2023 ഏപ്രിൽ 21 | 15200 | 15000 | 11940 | 15200 | 15000 | 14328 | 14257 |
| 2023 ഏപ്രിൽ 22 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഏപ്രിൽ 23 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| 2023 ഏപ്രിൽ 24 | 15250 | 15000 | 12150 | 15250 | 15000 | 14345 | 14273 |
| 2023 ഏപ്രിൽ 25 | 15250 | 15000 | 12150 | 15250 | 15000 | 14311 | 14239 |
| 2023 ഏപ്രിൽ 26 | 15300 | 15000 | 12150 | 15300 | 15000 | 14344 | 14273 |
| 2023 ഏപ്രിൽ 27 | 15300 | 15000 | 12150 | 15300 | 15000 | 14372 | 14300 |
| 2023 ഏപ്രിൽ 28 | 15300 | 15000 | 12150 | 15300 | 15000 | 14375 | 14303 |
| 2023 ഏപ്രിൽ 29 | 15300 | 15050 | അവധി | 15300 | 15050 | അവധി | അവധി |
| 2023 ഏപ്രിൽ 30 | അവധി | അവധി | അവധി | അവധി | അവധി | അവധി | അവധി |
| **ശരാശരി** | **15100** | **14873** | **11628** | **15100** | **14873** | **14322** | **14250** |

*തയ്യാറാക്കിയത്: മാർക്കറ്റ് പ്രൊമോഷൻ ഡിപ്പാർട്ടുമെന്റ്, റബ്ബർബോർഡ്*

## പ്രകൃതിദത്തറബ്ബർമേഖല -പ്രതിമാസാവലോകനം

| ഉത്പാദനവും ഉപഭോഗവും ഇനംതിരിച്ച് | ജനുവരി 2022 | ജനുവരി 2022 | ഏപ്രിൽ 2022 മുതൽ ജനുവരി 2023 വരെ | ഏപ്രിൽ 2021 മുതൽ ജനുവരി 2022 വരെ | ഏപ്രിൽ 2021 മുതൽ മാർച്ച് 2022 വരെ | (3) ഉം (4) ഉം തമ്മിലുള്ള വ്യത്യാസം(+/-) ശതമാനത്തിൽ |
|---|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) | (6) |
| **ഉത്പാദനം (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 71595 | 71570 | 476310 | 427560 | 491090 | |
| ബ്ലോക്കുറബ്ബർ | 17555 | 16060 | 144545 | 126875 | 155125 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9720 | 11980 | 85965 | 87055 | 109250 | |
| മറ്റുള്ളവ | 2130 | 2390 | 18180 | 16510 | 19535 | |
| ആകെ | 101000 | 102000 | 725000 | 658000 | 775000 | 10.2 |
| **ഉപഭോഗം* (ടൺ)** | | | | | | |
| ഷീറ്റുറബ്ബർ (ആർഎസ്എസ്) | 49205 | 39520 | 461325 | 428685 | 516275 | |
| ബ്ലോക്കുറബ്ബർ | 51265 | 50270 | 548050 | 486260 | 594160 | |
| സാന്ദ്രീകൃതറബ്ബർപാൽ (ഡി.ആർ.സി.) | 9160 | 8960 | 82400 | 83190 | 100050 | |
| മറ്റുള്ളവ | 2370 | 2250 | 27225 | 22865 | 27515 | |
| ആകെ | 112000 | 101000 | 1119000 | 1021000 | 1238000 | 9.6 |
| ടയർനിർമ്മാണത്തിനുപയോഗിച്ചത് | 77520 | 75082 | 788747 | 752256 | 904574 | 4.9 |
| **ഇറക്കുമതി/കയറ്റുമതി (ടൺ)** | | | | | | |
| ഇറക്കുമതി (p) | 42060 | 50030 | 462807 | 455176 | 546369 | |
| കയറ്റുമതി (p) | 451 | 105 | 2442 | 3122 | 3560 | |

**2023 ജനുവരി അവസാനത്തെ സ്റ്റോക്ക് (ടൺ)**

| | | | |
|---|---|---|---|
| കർഷകർ | 147000 | ഷീറ്റുറബ്ബർ | 305805 |
| കച്ചവടക്കാർ, സംസ്കർത്താക്കൾ | 157000 | ബ്ലോക്കുറബ്ബർ | 109675 |
| ടയർ നിർമ്മാതാക്കൾ (c) | 129000 | റബ്ബർപാൽ (ഡിആർസി) | 27970 |
| മറ്റു വ്യവസായികൾ | 44000 | മറ്റുള്ളവ | 33550 |
| ആകെ | 477000 | ആകെ | 477000 |

* ആഭ്യന്തരോത്പാദനവും ഇറക്കുമതിയുമുൾപ്പെടെ, p-ലഭ്യമായ കണക്കുകൾ അനുസരിച്ച്

c- ട്രാൻസിറ്റ് ഉൾപ്പെടെ,

*തയ്യാറാക്കിയത്: സ്റ്റാറ്റിസ്റ്റിക്സ് ആൻഡ് പ്ലാനിങ് ഡിപ്പാർട്ട്മെന്റ്, റബ്ബർബോർഡ്*

ANNA INDUSTRIES
(An ISO 9001:2008 Certified Company)
Manufactures & Dealers of:-
Rain Guarding Compound & Rubber Coat
Formic Acid & Formic Acid With PNP etc
കർഷകരുടെ ഉത്തമ സുഹൃത്ത്.


Anna Industries
കർഷകർക്ക്
വർഷങ്ങളുടെ വിശ്വസ്തത
Kolenchery, Cochin, Kerala, Pin: 682 311
Ph: 9388601632, 9495003366
0484-2764590, 2760216
www.annabusiness.com, Email: sales@annabusiness.com, annaindustries@ymail.com, annaindustriesklcy@gmail.com

# തോട്ടത്തിലാശാൻ

പ്രസന്നൻ ആനിക്കാട്



# ഉത്പാദന വിതരണ രംഗത്ത് 44 വർഷത്തെ പാരമ്പര്യം

# CBC റബ്ബർ മിക്സ് ജൈവവളം

(ജൈവകീടനാശിനി അടങ്ങിയത്)




44

An ISO 9001-2015 Certified Company

**സാങ്കേതിക ഉപദേഷ്ടാക്കൾ**



R HELI (I.A.S.)
Former Director of Agriculture



Sri.K.K. Soman
Retd.Dy. Director Soil Survey



Dr. R. Kothanda Raman (Late)
Retd.Dy. Director Rubber Board

**CBC ബ്രാൻഡ് ജൈവവളങ്ങൾ ഓരോ വിളകൾക്കും പ്രത്യേകം പ്രത്യേകം തയ്യാർ ചെയ്യപ്പെടുന്നു.**

**കുറഞ്ഞ ദിവസത്തിനുള്ളിൽ വളർച്ചയിലും ഉത്പാദനത്തിലും പ്രകടമായ മാറ്റം**




CERTIFIED BY
INDOCERT
Input Approved in Organic Agriculture

**Approved by Directorate of Agriculture, Govt. of Kerala. (Reg No. LOA 27/15-16/2019-2024)**

sif
Estd. 1979

## South Indian Fertilizers

*MANUFACTURERS OF CONCENTRATED ORGANIC MANURES & PESTICIDES*

An ISO 9001-2015 Certified Company
Plot No. 17095, IDA, Edayar, P.O. Binanipuram, Kochi - 683 502, Kerala.
Email: sif@sif.in, Web : www.sif.in **Ph: 9847055620, 9847902316**
**Customer care : 7012785820**

Since 1979



किसान केन्द्र
കിസാൻ കേന്ദ്ര
AGRI SUPER MARKET

*വിത്തു മുതൽ വിള വരെ ! കർഷകർക്കൊരു കൈത്താങ്ങായി.*
കർഷകർക്കാവശ്യമായ എന്തും ഏതും ഒരു കുടക്കീഴിൽ...

ഒരു സൗത്ത് ഇന്ത്യൻ സ്ഥാപനം.

ഫ്രാഞ്ചൈസികൾക്ക് ബന്ധപ്പെടുക.
**9497 165 620, 9847 902 316**

പാക്കിംഗിന് ആവശ്യമായ HDPE/PP Woven sacks നിർമ്മിച്ചു കൊടുക്കുന്നു.

RUBBER MONTHLY (MALAYALAM )
Published on 11 May 2023
RNI. 7842/65

Registered KL / KTM/ 44 / 2021-23
Licence No. KL / CR / KTM / WPP-30 / 2021-23
Licensed to post without pre-payment




Printed and Published by P. Prasad, Deputy Director (I/C), Publicity and Public Relations, Rubber Board, Kottayam – 686 002 on behalf of the Rubber Board, Ministry of Commerce & Industry, Government of India and printed at Penta Offset, Penta Arcade, Near Koprath Temple Jn., Collectorate P.O., Kottayam-686 002, and published from the Rubber Board, Keezhukunnu, Collectorate PO, Kottayam – 686 002. Editor: P. Prasad